# കൈരളി

| പുസ്തകം ൨൨. | ൧൧൰൭ കന്നി | ലക്കം ൩. |
|---|---|---|


## രക്തതൃഷ്ണ.

— ചങ്ങമ്പുഴ.

എന്നസ്ഥിയോരോന്നൊടി-
ച്ചെടുത്തു, മുന്നോട്ടെന്റെ
കുഞ്ഞോടം തുഴഞ്ഞു ഞാൻ
പോകിലും, പ്രപഞ്ചമേ!
കണ്ണു തീർച്ചയാ,ണിര-
ക്കില്ല നിന്നനുകമ്പ;
ചെന്നു ചേർന്നോളാം, മറ്റു
കൂടാതെൻ സങ്കേതത്തിൽ.
പാവനമെൻ ഹൃദ്രക്തം
കുടിച്ചു തടിച്ചിട്ടോ
ഭാവിപ്പൂ സഹതാപ-
മെന്നിൽ നീ, ഭയാനകേ?
അന്ത്യനിശ്വാസത്തിങ്കൽ
കൂടിയും മറക്കുകി-
ല്ലന്ധയായിട്ടും നിന്റെ
രക്തദാഹം ഞാൻ, ദുഷ്ടേ !!

# വിപ്ലവത്തിൻെറ പിടിയിൽ.

—ജോസഫ് മുണ്ടശ്ശേരി.

ഒരു സിദ്ധാന്തത്തെ ഏതാനും കാൎയ്യങ്ങളിൽ പ്രയോഗിക്കാമെന്നു വന്നാൽ, ക്രമേണ അതിനെ മററു കാൎയ്യങ്ങളിലും ചെലുത്തുവാൻ മനുഷ്യർ ശ്രമിക്കുക പതിവാണ്. കാറൽ മാർക്സിൻെറ സ്ഥിതിസമത്വവാദത്തിന്നു, രാഷ്ട്രിയവും സാമുദായികവുമായ കാൎയ്യങ്ങളിൽ കുറച്ചൊക്കെ കൈകടത്താമെന്നു വന്നപ്പോൾ, തദനുയായികൾ അതിനെ മറെറല്ലാ വിഷയങ്ങളിലേക്കും വലിച്ചുകയററാൻ ഉററുത്സാഹിച്ചുവരുന്നുണ്ട്. ഈയിടെ സുകുമാരകലാതത്വങ്ങളെക്കൂടി കീഴ്മേൽ മറിക്കുവാൻ സ്ഥിതിസമത്വവാദികൾ ബദ്ധകങ്കണരായിരിക്കുന്നു. ഇംഗ്ലിഷിൽ അടുത്ത കാലത്തു പുറപ്പെട്ടിട്ടുള്ള സാഹിത്യനിരൂപണഗ്രന്ഥങ്ങളിൽ പലതും, സാഹിത്യപരിശ്രമങ്ങളെല്ലാം കാറൽ മാർക്സിൻെറ സിദ്ധാന്തമനുസരിച്ചായിരിക്കണമെന്നു ശഠിക്കുന്നവയാണ്. "No book written at the present time can be good unless it is written from a Marxist or near Marxist View-point" എന്നിങ്ങനെയാണ് പുതിയ നിരൂപണത്തിൻെറ പോക്ക്. മലയാളത്തിലും ഏതാദൃശാഭിപ്രായങ്ങൾ കുറേശ്ശെ തലപൊക്കിവരുന്നുണ്ട്. നമ്മുടെ 'ജീവൽസാഹിത്യ'ക്കാർ അവയെ സാദരം ധന്യവാദം ചെയ്യുന്നതായിട്ടാണ് അറിവ്. അവർ അങ്ങുമിങ്ങും സംഘങ്ങൾ സ്ഥാപിക്കുകയും അവ വഴിയായി നവീനങ്ങളായ സാഹിത്യകലാതത്വങ്ങൾ നാടൊട്ടുക്കു പ്രചരിപ്പിക്കുവാൻ ബദ്ധപ്പെടുകയും ചെയ്യുന്നില്ലെന്നില്ല.

സാഹിത്യം സമകാലീനജീവിതത്തിൻെറ പ്രതിരൂപമായിരിക്കണമെന്നാണല്ലോ സ്ഥിതിസമത്വവാദികളുടെ അഭിപ്രായം. അതിൽ ഒട്ടൊക്കെ പരമാൎത്ഥമുണ്ടെന്നു സമ്മതിക്കാം. കവികല്പനങ്ങൾ—വിശേഷിച്ചു നോവൽ, കഥ, നാടകം ഇത്യാദി—മിക്കവാറും അനുഭവോത്ഥാപിതങ്ങളാണ്. കണ്മുൻപിൽ സാമ്പ്രതികങ്ങളായ അനുഭവങ്ങളെ, അല്ലെങ്കിൽ അവയാൽ ഉൽബുദ്ധങ്ങളായി ഭവിക്കുന്ന പൂൎവ്വാനുഭവങ്ങളെ വേണ്ട സംസ്കാരംചെയ്തുമിനുക്കി പ്രദൎശിപ്പിക്കുകയാണല്ലോ കവികൾ ചെയ്യാറ്. അതുകൊണ്ടു് അവരുടെ പ്രതിഭാസന്താനങ്ങൾ, അ

വരുടേയോ അവരുടെ പരിചയസീമയിൽ പെട്ടതോ ആയ ജീവിതത്തെ ഏറെക്കുറെ പ്രതിബിംബിപ്പിക്കുമെന്നു വിശ്വസിക്കുന്നതിൽ അപാകമൊന്നുമില്ല. നേരെമറിച്ച്, സാഹിത്യം, ഒരുവിധത്തിലും സമകാലീനജീവിതപ്രതിക്ഷേപകമാകേണ്ടതില്ലെന്നു വികത്ഥനംചെയ്യാൻ ഇന്നും ചിലരുണ്ടായേക്കാം. അവരുടെ ലോകനിരീക്ഷണപടുതയെക്കുറിച്ചു നിതരാം വ്യസനിക്കേണ്ടിയിരിക്കുന്നു.

സ്ഥിതിസമത്വവാദവും മററും ആക്രമിച്ചടക്കിയിട്ടില്ലാത്ത സംസ്കൃതം, ഇംഗ്ലീഷ് ഇത്യാദി സാഹിത്യങ്ങളുടെ ചരിത്രംതന്നെ ഉൽപതിഷ്ണുക്കളുടെ സാഹിത്യസിദ്ധാന്തത്തിനു സാധകമായിരിക്കുന്നുണ്ട്. സംസ്കൃതത്തിലെ ഓരോ നാടകവും ഓരോ കാലത്തെ ഭാരതീയജീവിതത്തിൻെറ മുദ്രകൾ വഹിക്കുന്നുണ്ടെന്നു സൂക്ഷ്മദൃഷ്ടികൾക്കു കാണാം. ഒന്ന്, ബൌദ്ധധർമ്മത്തിനുണ്ടായിരുന്ന പ്രാബല്യത്തെ പ്രകീർത്തിക്കുമ്പോൾ, മറെറാന്നു ഹൈന്ദവവർണ്ണാശ്രമധർമ്മങ്ങൾക്കു കൈവന്ന പ്രാഭവത്തെ പ്രഖ്യാപനം ചെയ്യുന്നു. ഒരു കവിയുടെ പാത്രങ്ങളും കഥകളും ബ്രാഹ്മണർക്കു ഹിന്ദുസമുദായത്തിലുണ്ടായിരുന്ന അനുത്തരത്വവും അത്യധികാരവും സൂചിപ്പിക്കുന്നുണ്ടെങ്കിൽ മറെറാരു കവിയുടെ ഭാവനാഫലങ്ങൾ, രാജാക്കന്മാർക്കു പുരാണബ്രഹ്മവാദികളായ മഹർഷിമാരെക്കൂടി കൈപ്പിടിയിലൊതുക്കുവാൻ പോരുമാറുണ്ടായിരുന്ന പ്രതാപത്തെ വിളംബരം ചെയ്യുന്നു. ഇംഗ്ലീഷുസാഹിത്യത്തിലും സ്ഥിതിഗതികൾ ഇങ്ങനെതന്നെ. എലിസബെത്തിൻെറകാലംമുതൽ വിക്ടോറിയയുടെ കാലംവരെ ഇംഗ്ലീഷ് ജനസമുദായത്തിലുണ്ടായിട്ടുള്ള പരിവർത്തനങ്ങൾ തത്തൽകാലങ്ങളിലെ കൃതികളിൽ വേണ്ടുവോളം പ്രതിഫലിച്ചിട്ടുണ്ട്. മലയാളത്തിൽ ഒരുപക്ഷേ, ഏതാദൃശപ്രതിബിംബനങ്ങൾ അധികം കാണുമായിരിക്കയില്ല. അതിന്നുള്ള പ്രധാന കാരണം, മലയാളത്തിലെ മിക്ക കാവ്യങ്ങളും സംസ്കൃതാനുകരണസാദ്ധങ്ങളായതാണ്. എങ്കിലും സ്വയം കല്പനകൾ ഉള്ളേടത്തെല്ലാം കേരളീയജീവിതത്തിൻെറ പ്രതിച്ഛായകൾ കാണാതിരിക്കയില്ല. നമ്പ്യാർ, ചെറുശ്ശേരി, ചന്തുമേനോൻ, സി. വി., കുമാരനാശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ നിബന്ധനങ്ങളിൽ അനേകത്ര കേരളത്തിലെ സമുദായക്ഷോഭങ്ങൾ അലതല്ലുന്നുണ്ട്.

കാറൾമാർക്സിൻെറ സിദ്ധാന്തങ്ങളനുസരിച്ചുള്ള ഇന്നത്തെ സാഹിത്യമീമാംസകർക്ക് വളരെ മുമ്പുതന്നെ, സാഹിത്യം സമുദായജീവിതദർപ്പണമായിരിക്കണമെന്നുള്ള തത്വം വിദ്വജ്ജനസമ്മതമായിട്ടുണ്ട്.

ഒരമ്പതു വർഷങ്ങൾക്കു മുമ്പു പ്രഫസ്സർ കൂർത്തോപ്പ് രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം നോക്കുക:—

The poet is, in a sense, the epitome of the imaginative life of his age and nation; and indeed it may be said that in what may be called his raw materials his thought, imagination, and sentiment—his countrymen co-operate in his work. A great poem is, in fact, an image of national feeling; the inward life of your nation is reflected not less clearly in the course of our poetry than its outward growth in the achievements of its laws, arms, and commerce.

പാശ്ചാത്യരായ സാഹിത്യനിരൂപകന്മാരിൽ അനേകംപേർ ഈ അഭിപ്രായം ഏററുപാടിയിട്ടുണ്ടു്. ഇൻഡ്യയിൽ മഹാകവി ടാഗോറും മററും, കാറൾമാർക്സിനേയോ സ്ഥിതിസമത്വവാദത്തേയോ സ്വപ്നേപി സ്മരിക്കാതെതന്നെ ഈ പരമാർത്ഥം വിശദമാക്കിയിട്ടുള്ളതായറിയാം. സംസ്കൃതസാഹിത്യത്തിൻെറ നാനാവശങ്ങളെ വിമർശിച്ചുംകൊണ്ടു് ആ മഹാശയന്മാർ ചെയ്തിട്ടുള്ള പ്രഭാഷണങ്ങളും എഴുതിയിട്ടുള്ള പ്രബന്ധങ്ങളും നോക്കേണ്ട താമസമേയുള്ളു അതറിയാൻ.

വസ്തുത ഇങ്ങനെയൊക്കെയാണെങ്കിൽ പിന്നെ സ്ഥിതിസമത്വവാദികളുടേയും മററും സാഹിത്യമീമാംസയിൽ മററുള്ളവൎക്കു സങ്കോചം ജനിപ്പിക്കാവുന്ന എന്തൊരു പ്രത്യേകതയാണുള്ളതു്? പറയാം.

ഉദരംഭരണശ്രമത്തേക്കാൾ മഹത്തരമായൊന്നും മനുഷ്യനു ചെയ്യേണ്ടതായിട്ടില്ലെന്നാണു് സ്ഥിതിസമത്വവാദികളുടേയും മററും മതം. അതുകൊണ്ടു ദാരിദ്ര്യവും തന്നിമിത്തങ്ങളായ ക്ലേശങ്ങളും ജനസമുദായത്തിൽനിന്നുച്ചാടനംചെയ്വാൻ അവർ ഒരു പുതിയ രാഷ്ട്രീയഘടന ഇറക്കുമതിചെയ്തിരിക്കുന്നു. അതിൻെറ വിജയത്തിനുപകരിക്കുന്ന സാഹിത്യമേ സാഹിത്യമാവൂ എന്നു പറയാൻ അവർ മടിക്കുന്നില്ല. അതെങ്ങനെ മററുള്ളവർ തലകുലുക്കിസ്സമ്മതിക്കും? സാഹിത്യാദി കലകൾ കൃഷിപ്പണിപോലെ 'വയററുപിഴപ്പി'നു മാത്രമായുള്ള വൃത്തിവിശേഷങ്ങളെന്നു പറയാമോ? ഈ സന്ദർഭത്തിൽ മനുഷ്യൻ പതിനെട്ടാം നൂററാണ്ടിലെ ഏതാനും വിജ്ഞാനവിത്തുക്കൾ വാദിച്ചിരുന്നപോലെ ഭക്ഷ്യപേയങ്ങൾ ഉള്ളിൽ കയറുന്ന തോതനുസരിച്ചു വേലചെയ്യുന്നൊരു യന്ത്രവിശേഷം മാത്രമാണെന്നുള്ള ബോധം അപ്രതിക്ഷേപ്യമല്ലെന്നു ശക്തിയുക്തം പ്രസ്താ

വിക്കേണ്ടിയിരിക്കുന്നു. ഇരുപതാംനൂററാണ്ടിൽ മനുഷ്യൻ വീണ്ടും സയൻസിനു് അപരിച്ഛേദ്യനായിക്കഴിഞ്ഞിട്ടുണ്ടു്. അവന്റെ ഹൃദയത്തെ തപ്പിക്കുവാൻ 'വയററുപിഴപ്പി'ന്റെ സാഹിത്യം മാത്രം പോരാ. ഭൗതികമായ ഉപയോഗത്തെ മുൻനിൎത്തിക്കൊണ്ടുള്ള കലാസിദ്ധാന്തം, എത്രപേർ താങ്ങിയാലും, നിലനില്ക്കുകയില്ല.

കുചേലന്മാരുടെ ക്ലേശങ്ങളും കുബേരന്മാരുടെ അഴിമതികളും ഇപ്പോഴത്തെ ജനസമുദായത്തിൽ കൂടുതൽ വിചാരണീയങ്ങളാണെങ്കിൽ, തീൎച്ചയായും അവ കവികളുടെ തൂലികകൾക്കു വിഷയീഭവിച്ചുകൊള്ളും. എന്നാൽ അവ മാത്രമേ കവികൾക്കു പ്രതിപാദ്യങ്ങളാകാവു എന്നാക്കും പറഞ്ഞുകൂടാ. നേരേ മറിച്ചും വരാം. കുബേരന്മാരുടെ ദുഃഖങ്ങളും കുചേലന്മാരുടെ സമാധാനവും ഹൃദയസ്പൃക്കമാംവണ്ണം വൎണ്ണിക്കുവാൻ ഇദാനീന്തനകവികൾക്കധികാരമില്ലേ? ഔചിത്യവേദികളും ജീവിതനിരീക്ഷണചതുരരുമായ സാഹിത്യകാരന്മാൎക്കു വിഷയങ്ങൾ ചൂണ്ടിക്കാണിക്കുവാൻ നിരൂപകന്മാർ ചുമതലപ്പെട്ടവരല്ല.

ആധുനികജനസമുദായത്തെ കവികൾ, സ്ഥിതിസമത്വവാദികൾക്കനുകൂലമായ രീതിയിൽ വേണം ചിത്രീകരിക്കുവാനെന്നൊരു പക്ഷമുണ്ടു്. അങ്ങനെയാണെങ്കിൽ സാഹിത്യം സ്ഥിതിസമത്വവാദത്തിന്റെ പെരുമ്പറയാകണമെന്നുവരുന്നു. അതൊരിക്കലും ശരിയല്ല. ഓരോ വിഷയത്തിലും സ്ഥിതിസമത്വവാദികൾക്കഭിമതമല്ലാത്ത വീക്ഷണകോണങ്ങൾ കവികൾക്കു് അംഗീകാൎയ്യങ്ങളാകാം. ഓരോ കവിയുടേയും വ്യക്തിവൈഭവനിഷ്പന്നമായ വീക്ഷണകോണത്തിൽ വിഷയത്തിനു് ഓരോ അൎത്ഥവും സ്വരൂപവും ഉളവാകുന്നതാണു്. വാസ്തവത്തിൽ ആ അൎത്ഥവും സ്വരൂപവുമായിരിക്കും ഓരോ കവിയുടേയും പ്രശസ്തിക്കു പ്രധാനാസ്പദം.

സ്ഥിതിസമത്വവാദികളായ യുവസാഹിത്യകാരന്മാർ തങ്ങൾക്കു വിഹിതങ്ങളല്ലാത്ത സിദ്ധാന്തങ്ങളടങ്ങിയ ഗ്രന്ഥങ്ങളെ അധമങ്ങളെന്നു പറഞ്ഞു തള്ളാറുണ്ടു്. മലയാളത്തിലെ 'ജീവൽസാഹിത്യ'ക്കാരിൽ കുറേ പേർ അത്തരക്കാരാണു്. മഹാകവി കുമാരനാശാന്റെ കൃതികളിൽ 'ദുരവസ്ഥ'യൊഴിച്ചൊന്നും കൊള്ളാവുന്നതല്ലെന്നു ശഠിക്കുന്നവരെ ഞാനറിയും. അവരുടെ അന്തരംഗത്തിൽ അടിച്ചുകയറിയിട്ടുള്ള അഭിപ്രായങ്ങൾക്കു് ഏററവും അനുകൂലമായ കാവ്യം അതായിരിക്കാം. അതുകൊണ്ടു് അക്കാവ്യമേ [illegible] പറ

MUL
094978

ഞ്ഞാൽ കുമാരകവിയുടെ ഭസ്മങ്ങൾപോലും ക്ഷോഭിക്കുമെന്നു തോന്നുന്നു.

മിൽട്ടന്റെ ധൎമ്മസിദ്ധാന്തങ്ങളിൽ പലതിനോടും ഡ്രൈഡനു വെറുപ്പായിരുന്നു; എന്നിട്ടും അദ്ദേഹത്തിന്റെ ദിഗന്തവിലംഘിയായ ഭാവനാശക്തിയെ ഡ്രൈഡൻ മതിമറന്നു ശ്ലാഘിച്ചിട്ടുണ്ടു്. ബാൽസാക്കിന്റെ ചിന്താഗതികൾ കാറൾമാർക്സിനു തെല്ലും ഇഷ്ടമായിരുന്നില്ല. പക്ഷേ ആ പരന്ത്രീസുകാരന്റെ കല്പനാവൈഭവത്തിനു മുമ്പിൽ കാറൾ മാർക്സു് നമസ്കരിച്ചിരുന്നു. ബ്ലോക് ഒരു സ്ഥിതിസമത്വവാദിയല്ലെന്നുള്ള ആക്ഷേപം ട്രോട്സ്കിക്കുണ്ടായിരുന്നു; അപ്പോഴും അദ്ദേഹത്തിന്റെ കവിതകൾ ട്രോട്സ്കിക്കു ബഹുമാന്യങ്ങളായിത്തോന്നി. ലെനിൻ, റഷ്യയിലെ ചെറുപ്പക്കാരുടെ വിപ്ലവകരങ്ങളായ പ്രസിദ്ധീകരണങ്ങളെ സർവാത്മനാ പ്രോത്സാഹിപ്പിച്ചുവന്നു; അതിനിടക്കു് അദ്ദേഹം വായിച്ചു രസിച്ചിരുന്ന കൃതികൾ പഴമക്കാരുടേതായിരുന്നു. ചുരുക്കത്തിൽ ഒരു കാവ്യത്തിന്റെ മേന്മക്കു നിയാമകം, അതിലടങ്ങിയ സാമുദായികമോ രാഷ്ട്രീയമോ ദാൎശനികമോ ആയ സിദ്ധാന്തം മാത്രമല്ലെന്നുവേണം മനസ്സിലാക്കാൻ.

പരിതഃസ്ഥിതമായ ലോകത്തിൽ എത്രയോ പരിവൎത്തനങ്ങൾ സംഭവിച്ചാലും കലക്കു് അതിനുള്ളിൽ നിൎബ്ബാധമായ ഒരു സാമ്രാജ്യവും അവിടെ ഒരു സ്വയംശാസനാധികാരവും ഉണ്ടു്. കലാപരമായ പൂൎണ്ണതക്കു് ഒന്നാമതായുള്ള മാനദണ്ഡം കലാസാമ്രാജ്യത്തിലെ മൎയ്യാദയല്ലാതൊന്നുമല്ല. അതിനെ ഉപസ്കരിക്കുവാനേ മറെറന്തിനും അധികാരമുള്ളൂ. ടോൾസ്റ്റോയി, ഡാസ്റ്റവസ്കി, പുഷ്കിൻ, ടർജനിവു് ഇത്യാദി മഹാമഹതികളെല്ലാരും ഈ തത്വം മനസ്സിലാക്കി പ്രവൎത്തിച്ചിട്ടുള്ളവരാണു്. അവരുടെ ലോകോത്തരങ്ങളായ നിബന്ധനങ്ങൾ പ്രത്യേകിച്ചൊരു പ്രസ്ഥാനത്തിന്റെ ഫലങ്ങളല്ല. ജന്മനാ പ്രതിഭാവാന്മാരായിരുന്ന അവർ, സ്വാനുഭവങ്ങൾകൊണ്ടുദ്ദീപ്തമായ ഭാവനാവിഭവം ഉപയോഗിച്ചു സ്വതന്ത്രമായി ആഖ്യായികകളും കഥകളും എഴുതിയിറക്കി. അവ, സ്ഥിതിസമത്വവാദികൾക്കും അങ്ങനെയല്ലാത്തവർക്കും ഒപ്പം ആഹ്ലാദകാരികളായി. നേരെമറിച്ചു റഷ്യയിൽ വിപ്ലവത്തിനുവേണ്ടി വെല്ലുവിളിച്ചു് അനേകശതം യുവധീമാന്മാരുടെ കൃതികളോ? അവ, സഹൃദയന്മാരുടെ ഹൃദയതന്ത്രികളിൽ ഒരൊററ സ്പന്ദനമെങ്കിലും ഉളവാക്കിയിട്ടില്ല. ലോകം, അവയുടെ പേരുകൾ കേട്ടിട്ടുപോലുമില്ല.

പണ്ടത്തെ സാഹിത്യമീമാംസകന്മാർ, ആവശ്യത്തിലധികം സങ്കേതങ്ങൾ സൃഷ്ടിച്ചു കവികമ്മത്തെ ഞെരുക്കിക്കളഞ്ഞുവെന്നു് ഇദാനീന്തനന്മാരിൽ പലരും ആവലാതിപ്പെടുന്നതായറിയാം. വാസ്തവത്തിൽ, പ്രാചീനാചാര്യന്മാർ വളരെയൊന്നും പിഴച്ചുപോയിട്ടില്ല; പിഴച്ചതു് അവരുടെ നിർദ്ദേശങ്ങളെ ബീജഗണിതസൂത്രങ്ങളായെണ്ണി അക്ഷരംപ്രതി അനുവത്തിച്ചവരാണു്. അതിരിക്കട്ടെ. ഇന്നത്തെ സാഹിത്യനിരൂപകന്മാർ പ്രാചീനന്മാരേക്കാളധികം സിദ്ധാന്തജടിലന്മാരായാൽ അതിനെന്താണപത്തി? "ഒന്നുകിൽ കുരപ്പിൻെറ നെഞ്ഞത്തു്, അല്ലെങ്കിൽ കളരിക്കു പുറത്തു്"—ഈ പ്രമാണം അത്ര ശരിയാണെന്നു തോന്നുന്നില്ല. പണ്ടുള്ളവർ ഉപദേശിച്ചെങ്കിൽ ഇന്നുള്ളവർ ശാസിക്കാനാണു് ഭാവം. ഈ ഘട്ടത്തിൽ ഒരു സംഭവം ഓർമ്മയിൽ വരുന്നുണ്ടു്. വലിയൊരു ആഖ്യായികാകാരനായ മാക്സിം ഗോർക്കിയുടെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ടു്, സ്ഥിതിസമത്വവാദിയായൊരു പരന്ത്രീസ് സാഹിത്യകാരൻ മോസ്കോവിൽവെച്ചു് ഒരു പ്രസംഗം ചെയ്തു. നിര്യാതൻെറ യോഗ്യതകളെ ആത്മാർത്ഥമായി ബഹുമാനിക്കുമാറു്, അദ്ദേഹം, 'Great', 'Glorious' ഇത്യാദി വിശേഷണങ്ങൾ പലതവണ പ്രയോഗിക്കുകയുണ്ടായി. അപ്പോഴൊക്കെ സോവിയററു് ഗവമ്മേണ്ടധികൃതന്മാർ അദ്ദേഹത്തെ തട്ടുത്തുകളഞ്ഞു. സോവിയററു് ഭരണഘടനയേയൊഴിച്ചു യാതൊന്നിനേയും അങ്ങനെ പ്രശംസിക്കവയ്യെന്നായിരുന്നു അവരുടെ ആജ്ഞ. നോക്കണം, ഒരു മഹാൻെറ ദേഹവിയോഗത്തിൽ അനുശോചിക്കുന്ന മറെറാരു മഹാൻെറ കണ്ണീർക്കണങ്ങൾകൂടി സ്ഥിതിസമത്വവാദം അനുസരിക്കണമെന്നായാൽ—! മനുഷ്യൻെറ വിചേഷ്ടിതങ്ങളെ മാത്രമല്ല വികാരവിചാരങ്ങളെപ്പോലും നിയന്ത്രിക്കുന്നൊരു രാഷ്ട്രീയസിദ്ധാന്തമുണ്ടെങ്കിൽ അതിനോടു തനിക്കു് ആനുകൂല്യമില്ലെന്നു പറഞ്ഞു് ആ പരന്ത്രീസ്സുകാരൻ വിളംബംവിനാ മോസ്കോവിൽനിന്നു മടങ്ങി. കാറൾ മാർക്സിൻെറ സിദ്ധാന്തം കണക്കിലധികം സാഹിത്യത്തിൽ സംക്രമിപ്പിക്കുവാൻ വെമ്പുന്നവക്കു് ഈ സംഭവം ഒരു പാഠമായിരിക്കേണ്ടതാണു്.

ഇന്നത്തെ കേരളീയജീവിതത്തെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം ഇന്നത്തെ സാഹിത്യമെന്നു വാദിക്കുന്നവരെ ഭഗ്നോത്സാഹരാക്കണമെന്നു് ഈ ലേഖനംകൊണ്ടുദ്ദേശിക്കുന്നില്ല. 'എന്തിനും വേണ

മൊരു പാകം' എന്നേ ചുരുക്കത്തിൽ പ്രാർത്ഥനയുള്ളു. ലണ്ടൻ ടൈംസ് പത്രത്തിൽ ഈയിടെ കണ്ടൊരു ഉപദേശം ഇവിടെ ഉദ്ധരിച്ചു കൊള്ളട്ടെ:—

'We do not maintain that the marked tendency in the part of the younger writers to keep closely in touch with the significent movements of our time is not a good thing. Provided that these sympathies are spontaneous and not dogmatically forced, they will prove a fertile source of inspiration.

* * * * * *

കൈ ഒന്നയയ്ക്കണേ! പാവപ്പെട്ട സാഹിത്യം, വിപ്ലവത്തിന്റെ പിടിയിൽ ശ്വാസം മുട്ടുകയാണു്. അതു ജീവിച്ചുകൊള്ളട്ടെ.

# അവന്റെ അച്ഛൻ.

— എം. ബാലാദേവി.

ആ സംഭവം നടന്നകാലത്തു സുകുമാരനു് ആണ്ടെത്തിയിട്ടുണ്ടായിരുന്നില്ല. ആണായിട്ടും പെണ്ണായിട്ടും എനിക്കവനൊന്നുമാത്രമെ ഉണ്ടായിരുന്നുള്ളു. അതൊ—വളരെ അധികം വഴിവാടുകൾ കഴിച്ചു്, പത്തുമുപ്പത്തഞ്ചു വയസ്സായതിനുശേഷവും. പോരെ? ഞാനവനെ വേണ്ടതിലധികം സ്നേഹിച്ചു എന്നു പറഞ്ഞാൽ ഇനി അതിൽ അത്ഭുതപ്പെടാനില്ലല്ലൊ. അവന്റെ അച്ഛൻ, അവനെ തന്റെ ശരീരത്തിന്റെ ഒരംശമായി കണക്കാക്കി; ഞാനെന്റെ എല്ലാമായിട്ടും. സുകുമാരന്റെ വളൎച്ചയ്ക്കൊപ്പം ഞങ്ങളുടെ ഹൃദയങ്ങൾക്കും വിശാലത വൎദ്ധിച്ചുകൊണ്ടിരുന്നു.

നശിക്കാൻപോകുന്നതിനുമുമ്പു് ഏതൊരു വസ്തുവും ഒരിക്കൽക്കൂടി സുന്ദരവും സജീവവുമായിത്തീരുന്നു. അദ്ദേഹത്തിന്റെ അനുരാഗം എന്നെ അന്ധയും ബധിരയുമാക്കി. സ്വപ്നമയമായ ഏതോ സ്വൎഗ്ഗീയലോകത്തിൽ ഞാൻ യാതൊന്നും കാണുകയൊ കേൾക്കുകയോ ചെയ്യാതെ കഴിഞ്ഞുകൂടി. വിവാഹത്തിനുമുമ്പു ഞങ്ങൾ 'കാമിനീകാമുക'ന്മാരല്ലായിരുന്നുവെങ്കിലും ഞങ്ങളുടെ ദാമ്പത്യജീവിതം സുഖകരമായിട്ടുതന്നെയാണു കഴിഞ്ഞുകൂടിയതു്. പക്ഷെ സുകുവിന്റെ ജനനം ഞങ്ങളുടെ അനുരാഗച്ചരടിന്നു കൊടുമ്പിരിയുണ്ടാക്കി.

*　　*　　*　　*　　*　　*

സുഖം, അതിന്റെ മൂൎദ്ധന്യദശയിലെത്തുമ്പോൾ ഭയങ്കരമായിത്തീരാറുണ്ടെന്നുള്ളതു് എനിക്കും വാസ്തവമായിത്തോന്നി. സുകുവിനെ എനിക്കു കിട്ടിയപ്പോൾ ഞാൻ പറയാൻ വയ്യാത്തവിധം സന്തോഷിച്ചു. അവനെ വേണ്ടതിലധികം കാമനിച്ചു, ഭയപ്പെട്ടു. അവന്റെ വെളുത്ത ദേഹത്തിൽ മിനുങ്ങിപ്പിടിച്ചിരുന്ന സൌന്ദൎയ്യം ഇല്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്നെനിക്കു തോന്നി. അവന്റെ കറുത്ത ചെറുരോമങ്ങളോടുകൂടിയ കുഞ്ഞിക്കണ്ണുകൾ കണ്ടാൽ—എനിക്കു കണ്ണടച്ചു് ഈശ്വരനെ പ്രാൎത്ഥിക്കുവാൻ തോന്നും.

ഒരു ദിവസം ഞാൻ അടുക്കളയിൽ ഇരുന്നു തീപൂട്ടുകയായിരുന്നു. അദ്ദേഹം പുറത്തളത്തിൽനിന്നു് എന്നെ വിളിച്ചു—"ദേവകീ! ഇതു നോക്കു, ഇവിടെ ഒന്നു വരു." "നില്ക്കു, ഞാനീ സാഗു കുറുക്കീട്ടു വരാം. അതുവരെക്കു് അവനെ ഒന്നുനോക്കു." ഞാനീവാചകം മുഴുവൻ

പറയുന്നതിന്നു മുമ്പുതന്നെ അദ്ദേഹം എന്നെ രണ്ടുമൂന്നു തവണ വിളിച്ചു കഴിഞ്ഞു. ഒടുവിൽ ഞാനങ്ങോട്ടു ചെന്നപ്പോൾ, അദ്ദേഹം ചിരിച്ചുകൊണ്ടു് ഒരു മൂക്കിലേയ്ക്കു ചൂണ്ടിക്കാണിച്ചു. മുഖത്തും വയററത്തുമെല്ലാം കുറെ മഷി വാരിത്തേച്ചു സുകു അവിടെ ഇരിക്കുന്നുണ്ടായിരുന്നു. അവന്റെ നാലുപുറത്തും മഷികൊണ്ടൊരു പ്രളയമായിരുന്നു. ഞാൻ അങ്ങോട്ടു ചെന്നു, കളിയായിട്ടെങ്കിലും അവനൊ രണ്ടുപൊട്ടിക്കുവാൻ ഭാവിച്ചു. അപ്പോൾ, ചിരിച്ചുകൊണ്ടു സുകു എന്നെ ഓറക്കണ്ണിട്ടു് ഒരു നോട്ടംനോക്കി; ഞാൻ ഞെട്ടി.

* * * * *

അദ്ദേഹം 60 ക. ശമ്പളമുള്ള ഒരു ഗൃമസ്ഥനായിരുന്നു. ഞങ്ങളുടെ ഒതുങ്ങിയ ജീവിതത്തിന്നു് അതു കഷ്ടിച്ചു മതിയാകും. ഞങ്ങളുടെ വീട്ടിൽ അദ്ദേഹത്തിന്റെ ഉററസുഹൃത്തായ ബാലകൃഷ്ണൻ നായർ മാത്രമേ കടക്കാറുള്ളു. അദ്ദേഹത്തിന്റെ മുൻശുണ്ഠി സ്നേഹിതന്മാരുടെ സഹാനുഭൂതിയെ തട്ടിത്തകർത്തിരുന്നുവെങ്കിലും ബാലകൃഷ്ണൻനായർ മാത്രം നയജ്ഞനും ശാന്തനുമായിരുന്നു.

ഒരു ദിവസം സന്ധ്യയ്ക്കു് ഞാൻ സുകുവിനേയുമെടുത്തു് മുററത്തു് ഉലാത്തുകയായിരുന്നു. അവന്റെ അച്ഛൻ ആപ്പീസ്സിൽനിന്നും മടങ്ങി വന്നിട്ടില്ല. ഇരുട്ടു വെളിച്ചത്തിനെ ഞെക്കിക്കൊല്ലുവാനുള്ള ആരംഭമായിരുന്നു. സുകു ആകാശത്തിലേയ്ക്കു ചൂണ്ടിക്കാട്ടി അവന്റെ പേച്ചുകൾ ചൊല്ലിത്തുടങ്ങി. ഞാൻ "സുകു" എന്നു വിളിച്ചു്, അവനു ഒരുമ്മ കൊടുത്തു പറഞ്ഞു:— "കുട്ടിയുടെ അച്ഛനെ കാണാനില്ലല്ലോ. അച്ഛനെ വിളിക്കു്" അതിനുപകരം സുകു അവന്റെ കുഞ്ഞിക്കയ്യുകൊണ്ടു് എന്റെ മാറത്തു രണ്ടുമൂന്നടിയടിച്ചു. എന്റെ കണ്ണുകളിൽ വെള്ളം വന്നില്ല, എങ്കിലും എനിയ്ക്കതു വല്ലാതെ വേദനിച്ചു. ഞാൻ പുറമേയുള്ള അന്ധകാരത്തെ നോക്കി—അവനെ കെട്ടിപ്പിടിച്ചു ഒരു ദീർഘശ്വാസം വിട്ടു. എന്റെ ഹൃദയത്തിന്റെ മിടിപ്പുകൾക്കു് അല്പം ശക്തി കുറഞ്ഞപ്പോൾ, ആരോ പടി കടന്നു അകത്തേയ്ക്കു വരുന്നതു കണ്ടു. ഞാൻ സുകുവിനോടായി പറഞ്ഞു— "അതാ കുട്ടിയുടെ അച്ഛൻ വരുന്നു." പൂത്തളത്തിൽ തൂക്കിയിരുന്ന വിളക്കിന്റെ മങ്ങിയ വെളിച്ചത്താൽ, ആ വന്ന ആൾ ബാലകൃഷ്ണൻനായരാണെന്നു് എനിയ്ക്കു മനസ്സിലായി. ആയാൾ അടുത്തുവന്നു് സുകുവിന്റെ മുഖത്തേയ്ക്കു സൂക്ഷിച്ചു നോക്കി ചോദിച്ചു: "എന്നെ അറി

യില്ലാ ഉവ്വോ?" ഈ ചോദ്യം സുകുവിനോടായിരുന്നുവെങ്കിലും എന്നോടായിരിക്കുമോ എന്നു ഞാൻ സംശയിച്ചു. ഞാൻ സങ്കോചത്തോടുകൂടി മറുപടി പറഞ്ഞു, "ഞങ്ങൾ അവൻെറ അച്ഛനെ കാത്തിരിക്കുകയാണു്. വഴിക്കെങ്ങാനും കണ്ടുവോ?" ബാലകൃഷ്ണൻനായർ സുകുവിൻെറ മുഖത്തുനിന്നും കണ്ണെടുക്കാതെ പറഞ്ഞു, "ഇല്ല." പെട്ടെന്നു സുകു എന്നെ മുറുകെ കെട്ടിപ്പിടിച്ചു നിലവിളിക്കാൻ തുടങ്ങി. ഞാനവനോടു സാന്ത്വനസ്വരത്തിൽ പറഞ്ഞു, "ഇതു നമ്മുടെ ബാലകൃഷ്ണൻനായരല്ലേ, കുട്ടീ. കരയാതിരിക്കു."

"ആട്ടെ; കുട്ടികരയണ്ടാ; അച്ഛൻ ഇപ്പോൾ വരും കേട്ടോ" ബാലകൃഷ്ണൻ നായർ ഇങ്ങിനെ ചിരിച്ചുകൊണ്ടു പറഞ്ഞു പടിക്കലേക്കു നടന്നു.

അന്നത്തെ രാത്രിക്കു് ഒരു കൊലപാതകിയുടെ മട്ടുണ്ടായിരുന്നു. ഞാൻ സുകുവിനെ മാറോടുചേർത്തു ഭയവിഹ്വലയായി പടിക്കലേക്കു തന്നെ നോക്കിക്കൊണ്ടിരുന്നു. രണ്ടുമൂന്നു നിമിഷങ്ങൾക്കുശേഷം പടിവാതിൽ വീണ്ടും തുറക്കപ്പെട്ടു. അതദ്ദേഹമായിരുന്നു. എന്നേയോ സുകുവിനേയോ തിരിഞ്ഞുനോക്കാതെ, അദ്ദേഹം നേരെ വീട്ടിലേക്കു നടക്കുകയാണുണ്ടായതു്. എനിക്കു പത്തു മിനിട്ടിലധികം പുറത്തു കാത്തു നിൽക്കുവാൻ ക്ഷമയുണ്ടായില്ല. ഞാനും അകത്തേക്കുപോയി. മിക്കവാറും ഇരുട്ടു വ്യാപിച്ചിരുന്ന കിടപ്പുമുറിയിൽ അദ്ദേഹം ഇരിക്കുന്നുണ്ടായിരുന്നു. നേരെയുള്ള ചുമരിൻെറ ഇരുണ്ട വെളുപ്പിലേക്കു അദ്ദേഹം ദൃഷ്ടിയുറപ്പിച്ചിട്ടുള്ളതായി എനിക്കു തോന്നി. ഞാൻ വാതിൽക്കൽ വന്നുനിന്നതു് അദ്ദേഹം അറിഞ്ഞിരിക്കയില്ല. അപ്പോൾ സുകു താഴത്തിറങ്ങുവാൻ നിലവിളിച്ചു. എന്നിട്ടും അദ്ദേഹം നിശ്ചേഷ്ടനായിരുന്നു. ഞാൻ മുറിയിലേക്കു കടന്നു്, അദ്ദേഹത്തിൻെറ അടുത്തുചെന്നു ചോദിച്ചു,—"എന്താണിന്നു് ഒരു വല്ലായ്മ"

അദ്ദേഹം പൊടുന്നനെ എഴുന്നേററുനിന്നു. ഇരുട്ടു് അദ്ദേഹത്തിൻെറ മുഖഭാവം മനസ്സിലാക്കുവാൻ അനുവദിച്ചില്ലെങ്കിലും, ഞാൻ അതു ഭയങ്കരമായിരിക്കുമെന്നു് ഊഹിച്ചു. ഞാൻ അനങ്ങാതെ സുകുവിനെ ഹൃദയത്തോടു ചേർത്തു് അവിടെത്തന്നെ നിന്നു. അദ്ദേഹം എന്നോടു സാമാന്യം ഉറക്കെ ചോദിച്ചു:—"എന്നോടു നേരു പറഞ്ഞോളൂ; ആരാണു സുകുവിൻെറ അച്ഛൻ?"

ഞാൻ കഴിയുന്നതും ഭാവഭേദംകൂടാതെ മറുപടി പറഞ്ഞു,

"അവിടെയ്ക്കു വല്ല സുഖക്കേടുമുണ്ടോ? എന്നാൽ കിടക്കണം. ഈ ചോദ്യത്തിനുള്ള മറുപടിപറയുവാൻ എനിക്കറിഞ്ഞുകൂടാ." ഞാൻ കരഞ്ഞില്ല. എങ്കിലും എന്റെ ഒച്ച ഇടറിയിരുന്നു.

"അറിഞ്ഞുകൂടാ അല്ലേ? കഷ്ടം! എനിക്കിതു മനസ്സിലാക്കുവാൻ ഇതുവരെ ബുദ്ധിയുണ്ടായില്ലല്ലോ" അദ്ദേഹത്തിന്റെ തൊണ്ടയും വിറച്ചിരുന്നു.

"ആരാണിതു പറഞ്ഞു തന്നതു്? നോക്കു, നമ്മുടെ സുന്ദരനായ സുകു............അവൻ............" എനിക്കിതിലധികം പറയുവാൻ നാക്കു പൊന്തിയില്ല.

"അതെ, അവൻ സുന്ദരനായതുകൊണ്ടാണ് ആപത്തുണ്ടായതു്. സൌന്ദര്യം,....... എന്തു ദുഷ്പ്രവൃത്തിയും ചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിച്ചതിൽ;.........കഷ്ടം, ഞാൻ എന്നെത്തന്നെയാണു പഴിക്കുന്നതു്. ഇതുവരെ ഞാനിതു കണ്ടുപിടിച്ചില്ലല്ലോ."

"എനിക്കിതിന്റെ അർത്ഥം മനസ്സിലാവുന്നില്ല. എന്നോടു മുഴുവൻ തുറന്നുപറയൂ." ഞാൻ താഴ്ന്നസ്വരത്തിൽ വിനീതയായി പറഞ്ഞു.

അദ്ദേഹം; എന്റെ മുഖത്തിന്റെ അടുത്തേയ്ക്കു തല കുനിച്ചു എന്നാണെനിക്കു തോന്നുന്നതു്. അദ്ദേഹത്തിന്റെ ചില ദീർഘനിശ്വാസങ്ങളേല്ക്കയാൽ എനിക്കു വല്ലാത്തൊരുഷ്ണം തോന്നി.

പെട്ടെന്നദ്ദേഹം കുറച്ചു ദൂരെ മാറിനിന്നു പറഞ്ഞു:— "ഈ സുകുമാരൻ എന്റെ മകനല്ല. അവനു് എന്റെയൊ ദേവകിയുടേയോ ഛായ കാണുന്നുണ്ടോ? എന്റെ തൊലി കറുത്തിട്ടായതുകൊണ്ടു,— ഞാൻ, ആരാന്റെ കോമളക്കുട്ടനാണെങ്കിലും മകനെപ്പോലെ ലാളിക്കുമെന്നു വിചാരിച്ചു ഇല്ലെ? ദേവകി വേഗം പൊയ്ക്കോളൂ. ഇനി ഒരു നിമിഷം കൂടി നിന്നിട്ടു കാര്യമില്ല. ഇവന്റെ വെളുപ്പുകണ്ടു മയങ്ങാനല്ല ദൈവം എനിക്കു തലച്ചോറു തന്നിട്ടുള്ളതു്."

ഞാൻ യാതൊന്നും മിണ്ടിയില്ല. അവിടെത്തന്നെ നിന്നു. സുകു താഴത്തിറങ്ങുവാൻ വാശിപിടിച്ചു തുടങ്ങി. ഞാനദ്ദേഹത്തിനോടു മറുപടി പറയുവാൻ വാക്കു തേടുകയായിരുന്നു. അദ്ദേഹം എന്റെ അടുത്തുവന്നു വീണ്ടും പറഞ്ഞു:— "സുകുവിനെ എന്നെ ഏല്പിച്ചുവേഗം പോണം. ഇല്ലെങ്കിൽ ഞാൻ,— പുറത്താക്കും. തള്ളയുടെ

ട്ടന്നടവടി കാരണം ഇവൻ എനിക്കുകൂടി ചിത്തപ്പേരുണ്ടാകാതിരിക്കയില്ല."

അദ്ദേഹം സുകുവിനെ, എൻെറ കയ്യിൽനിന്നും വാങ്ങുവാൻ ഭാവിച്ചു. ഞാൻ, അദ്ദേഹത്തിൻെറ മരവിച്ചിരുന്ന കയ്യു തട്ടി, ഇങ്ങിനെ പറയുവാൻ ധൈര്യപ്പെട്ടു:— "ഇവനെയെങ്കിലും എനിക്കു തന്നില്ലെങ്കിൽ,— —" എന്തൊ ചില ദുശ്ശങ്കകൾ കാരണം, ഈ വാചകം മുഴുവൻ പറയുന്നതിന്നുമുമ്പു ഞാൻ പൊട്ടിക്കരഞ്ഞു. സുകുവിൻേറും വാശിപിടിച്ചു തുടങ്ങി. അവനും അദ്ദേഹത്തിനുനേരെ കൈയ്യെടുത്തിട്ടു. ഒടുവിൽ, പുരുഷൻെറ ശക്തിയും സുകുവിൻെറ ശാഠ്യവുംകൂടി എൻെറ കയ്യുകളുടെ മുമ്പിൽ വിജയം നേടി.

അദ്ദേഹം എന്നെ ആ മുറിയിൽ നിന്നും പുറത്താക്കി വാതിലടച്ചുസാക്ഷയിട്ടു.

ഒരു സ്ത്രീക്കു മററെന്തും സഹിക്കാം. എന്നാൽ, അവളുടെ ഓമനകളെഞ്ഞ് — ഹൃദയനീരിൻെറ ഒരു ചെറുതുള്ളി— അതവൾക്കു് എല്ലാററിലും വലിയതാണു്. ഞാൻ, കഴിയുന്നേടത്തോളം ശക്തിയായി വാതില്ക്കൽ അഞ്ചാറിടിയിടിച്ചു. അതു തുറന്നുതരുന്നതിന്നു പലവുരു പ്രാൎത്ഥിച്ചുനോക്കി.

അഞ്ചെട്ടുനിമിഷങ്ങൾ കഴിഞ്ഞു് അദ്ദേഹം വാതിൽ തുറന്നു. എൻെറ വ്യസനത്തോടുകൂടിയ നിലവിളികൾ അദ്ദേഹത്തിനു് അലിവു തോന്നിച്ചു എന്നു ഞാൻ സമാധാനിച്ചു. അദ്ദേഹം അടുത്തുവന്നു സുകുവിനെ എൻെറ കയ്യിൽ തന്നുകൊണ്ടു പറഞ്ഞു—"ഇതാ, കുട്ടിയെ കൊണ്ടുപൊയ്ക്കോളു. ഇനി ഇവിടെ ഒരു നിമിഷം നില്ക്കണ്ട."

അദ്ദേഹത്തിൻെറ ഒച്ചയിൽ ദ്വേഷം മാത്രമുണ്ടായിരുന്നു. ഞാൻ ഉറങ്ങിയിരുന്ന സുകുവിനെ വാങ്ങി എൻെറ ചുമലിലിട്ടു. "ഉം, പൊയ്ക്കോളൂ" എന്നു പറഞ്ഞു് അദ്ദേഹം വാതിൽ വീണ്ടും അടച്ചു.

* * * * *

നേരം ഏകദേശം അഞ്ചെട്ടുനാഴിക രാച്ചെന്നുകാണും. ഞാൻ അദ്ദേഹത്തിൻെറ വീട്ടിൽനിന്നു് ഒരു ഫർല്ലോങ്ങ് ദൂരെയുള്ള ഒരു ഒഴിഞ്ഞ പറമ്പിലെത്തി. എൻെറ ചുററുപാടും ഒരു ജാതി വിഷവായു വ്യാപിച്ചിട്ടുണ്ടെന്നു് എനിക്കു തോന്നിയിരുന്നുവെങ്കിലും, ആകാശത്തിൽ മിന്നിത്തിളങ്ങിയിരുന്ന ചന്ദ്രനും ചുമലിൽ ഉറങ്ങിക്കിടന്നിരുന്ന സുകുവുംകൂടി എനിക്കു മുന്നോട്ടു നടക്കുന്നതിനുള്ള ധൈര്യം തന്നു.

എന്റെ ഹൃദയം അവ്യക്തമായി ഇങ്ങിനെ തേങ്ങിക്കൊണ്ടിരുന്നു, "എന്റെ നിർഭാഗ്യംകൊണ്ടു് ആരോ അദ്ദേഹത്തെ തെററിദ്ധരിപ്പിച്ചു."

നല്ല നിലാവുണ്ടായിരുന്നതിനാൽ, എനിയ്ക്കു സുകുവിന്റെ മുഖം കാണുവാൻ ഒരു കൊതി തോന്നി. ഞാൻ അവിടെത്തന്നെ കാലു നീട്ടിയിരുന്നു് അവനെ എന്റെ മടിയിൽ കിടത്തി. വെളുത്തു വൃത്താകാരത്തിലുള്ള മുഖം; കറുത്ത പുരികങ്ങൾ; അടഞ്ഞ കണ്ണുകൾ. തണുപ്പേല്ക്കുകയാലോ എന്തോ, ചുണ്ടുകൾക്കു അല്പം കറുപ്പുനിറം ബാധിച്ചിരുന്നു. ഞാൻ അവന്റെ ചുരുണ്ട തലമുടിയൊതുക്കി ആ ഭംഗിയുള്ള മുഖത്തു് ഒരുമ്മവെച്ചു—എന്റെ ചുണ്ടുകളും മരവിച്ചു—എനിയ്ക്കു ബോധം കെടുന്നപോലെയോ, തല ചുററുന്നപോലെയോ തോന്നി. സുകു മരിച്ചിട്ടുണ്ടായിരുന്നു.

ആ പറമ്പരുകിൽ നിന്നിരുന്ന മുളംപട്ടിലുകളിൽനിന്നും കേട്ടു—"ഹ്രൂയ്യാം, ഹ്രൂയ്യാം, ഹ്രൂയ്യാം." അതു്, എന്റെ ഹൃദയഭിത്തികളിൽ വന്നലച്ചു് പ്രതിദ്ധ്വനിയുണ്ടാക്കി:— "ഹ്രൂയ്യാം, ഹ്രൂയ്യാം, ഹ്രൂയ്യാം."

# പുതിയ ശാകുന്തളങ്ങൾ.

## ആറവർ-വള്ളത്തോൾ ശാകുന്തളങ്ങളെപ്പററി ഒരു വിചാരണം.

—കെ വി. യം.

൯

ചിത്രത്തിൽ ശകുന്തളയെ ഉപദ്രവിക്കുന്ന വണ്ടിനോടു ദുഷ്യന്തൻ പറയുന്നു:—

കാമൽത്തയ്യിന്നിളയതളിർപോൽ
കാമനീയാഭമേതോ
കാമക്രീഡാവിധിയിലനുക-
മ്പാർദ്രമായ് ഞാൻ നുകർന്നേൻ
ഈമൽകാന്താധരമതു തൊട്ടന്നാകിൽ
നിന്നെപ്പിടിച്ചി-
ട്ടാമാത്രക്കെകമലകുഹരേ ഭൃംഗ!
ബന്ധിച്ചിടും ഞാൻ.

(ആറവർ)

യാതൊന്നു തൈമരനവത്തളിർപോലെ രമ്യം
ഭോഗോത്സവങ്ങളിലിവൻ മൃദുവായ് നുകർന്നേൻ
അത്തൊണ്ടിവായ്മലരു നീ തൊട്ടുമെങ്കിൽ നിന്നെ-
പ്പാർപ്പിക്കുവൻ ഭ്രമര, തണ്ടലരുൾത്തുറുങ്കിൽ!

(വള്ളത്തോൾ.)

"കാമൽത്തയ്യി"നെ കാമനയായ പെൺകിടാവായിട്ടാണു കണ്ടിട്ടുള്ളതു്; 'ഇളയതളിരി'ന്റെ സാഹചര്യത്താൽ മരത്തയ്യ് ആകുമായിരിക്കാം. 'കാമനീയാഭം' 'ശോഭനീയ'ത്തിന്റെ പരിഭാഷയാണ്. കാമിക്കപ്പെടുവാൻ യോഗ്യം എന്ന അർത്ഥത്തിൽ കമനീയം എന്നിങ്ങനെ ഹ്രസ്വകകാരത്തോടുകൂടിയല്ലാതെ ദീർഘകകാരത്തോടുകൂടി ഈ പദം പ്രയോഗിക്കുന്നതു വൈയാകരണന്മാർ സമ്മതിക്കുമോ എന്നു സംശയിക്കുന്നു. "തദപി കമനീയം വപുരിദം", "അനന്യനാരീകമനീയമങ്കം" എന്നു തുടങ്ങി ഈ കവിയുടേതന്നെ ഇതര പ്രയോഗങ്ങൾ ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു. ഭാവാർത്ഥത്തിലുള്ള 'വുഞ്' പ്രത്യയം വരുമ്പോളല്ലാതെ കമനീയത്തിന്റെ കകാരം

ദീൎഘമാകുന്നതല്ല. വൈയാകരണഖസൂചികൾക്കു് ഒരു കാമധേനുവായ സ്വാൎത്ഥത്തിലുള്ള 'അണ്' പ്രത്യയത്തെ ശരണീകരിക്കുകയല്ലാതെ ഇവിടെ ഗതിയുണ്ടെന്നു തോന്നുന്നില്ല. "കാമക്രീഡാവിധി" എന്നു കേൾക്കുമ്പോൾ കാമക്രീഡ ഒരു വ്രതാനുഷ്ഠാനമോ മറ്റോ ആണെന്നു തോന്നിപ്പോകുന്നു. "രതോത്സവങ്ങൾ"ക്കുള്ള ശൃംഗാരക്കൊഴുപ്പും മാധുൎയ്യപ്പുളപ്പും ഇതിൽ തോന്നുന്നില്ല. "രതോത്സവേഷു" എന്നതിലെ ബഹുവചനം ഉപേക്ഷിച്ചതും നിസ്സാരമല്ലാത്ത ഒരു ന്യൂനതയായിപ്പോയി. തപോവനത്തിൽവെച്ചു ദുഷ്യന്തനും ശകുന്തളയും തമ്മിൽ അനേകം പ്രാവശ്യം സമാഗമമുണ്ടായിട്ടുണ്ടെന്നു് ഈ ബഹുവചനം കൊണ്ടാണു് അറിയുന്നതു്. "ഈമൽക്കാന്താധരം" എന്ന പ്രയോഗവും ഭംഗിയായില്ല. 'ബിംബാധരം' എന്നു് മൂലത്തിൽ പറഞ്ഞിട്ടുള്ളതിൽ അധരത്തിന്നു കല്പിച്ചിട്ടുള്ള ബിംബസാമ്യം ഇതിൽ വന്നിട്ടില്ലല്ലോ. 'ആ മാത്രക്കേ' എന്നു തൎജ്ജിമയിൽ പ്രയോഗിച്ചതിന്നു ശരിയായി മൂലത്തിൽ ഒരു പദവും കാണുന്നില്ല. "കമലോദരബന്ധന"ത്തിന്നു കമലോദരമാകുന്ന കാരാഗൃഹം എന്നാണു് അൎത്ഥം. കമലകുഹരേ എന്ന തൎജ്ജിമ ഈ അൎത്ഥത്തെ കാണിക്കുന്നില്ല. ചുരുക്കിപ്പറയുന്നതായാൽ ആറന്മരിന്റെ ഈ ശ്ലോകം അനേകദോഷങ്ങളെക്കൊണ്ടു് കലുഷിതമായിരിക്കുന്നു എന്നുതന്നെ പറയണം. വള്ളത്തോളിന്റെ പദ്യത്തിൽ ഈവക വൈകല്യങ്ങളൊന്നും കാണുന്നില്ല. രചനയുടെ രമണീയതകൊണ്ടും ഭാവത്തിന്റെ വൈശദ്യംകൊണ്ടും വള്ളത്തോൾ പദ്യം തുലോം ഹൃദ്യമായിട്ടുണ്ടെന്നു എവരും സമ്മതിക്കും.

൫. നിൎവ്വഹണസന്ധി.

ഏഴാമങ്കം ആദ്യംമുതൽക്കു് അവസാനംവരെ നിൎവ്വഹണസന്ധിയാകുന്നു. കാൎയ്യം എന്ന അൎത്ഥപ്രകൃതിയും ഫലാഗമം എന്ന കാൎയ്യാവസ്ഥയുമാണു് ഈ സന്ധിയുടെ ഘടകങ്ങൾ. മുഖപ്രതിമുഖാദിസന്ധികളിൽ വികീൎണ്ണങ്ങളായി കിടക്കുന്ന കഥാംശങ്ങളെ ചേൎത്തിണക്കി പ്രയോജനത്തിൽ കൊണ്ടുവന്നു സാദ്ധ്യമായ കാൎയ്യത്തെ നിൎവ്വഹിക്കുന്നതിനാലാണു് ഇതിന്നു നിൎവ്വഹണസന്ധി എന്നു പേർ പറയുന്നതു്. ദുഷ്യന്തൻ അസുരസംഹാരരൂപമായ ദേവകാൎയ്യം സാധിച്ചു് ആകാശയാനത്തിലൂടെ ഭൂമിയിലേക്കു മടങ്ങി വരുമ്പോൾ മാരീചമുനിയുടെ ആശ്രമത്തിൽ ചെല്ലുകയും അവിടെവെച്ചു ചക്രവൎത്തിലക്ഷണോപേതനായ പുത്രനോടുകൂടി ശകുന്തളയെ കണ്ടെത്തി സ്വീകരിക്കു

കയും ചെയ്യുന്നതു് ഈ സന്ധിയിലാണ്. ദുഷ്യന്തന്റെ രതിഭാവം സർവ്വവിഘ്നങ്ങളേയും കടന്നു ശകുന്തളാപ്രാപ്തിയോടുകൂടി സമ്പൂർണ്ണാവസ്ഥയിലെത്തി ശൃംഗാരാത്മനാ പരിണമിച്ച് അവാച്യമായ ആനന്ദത്തിൽ അവഗാഹനം ചെയ്യുന്നതു് ഈ സന്ധിയിലാകുന്നു. മനുഷ്യശരീരത്തിൽ ഉത്തമാംഗമായ ശിരസ്സിന്നെന്നപോലെ നാടകകഥാശരീരത്തിൽ നിർവ്വഹണസന്ധിക്കും പ്രാധാന്യം അധികമുണ്ടു്. ഈ സന്ധിയിൽ ആററൂരിന്റേയും വള്ളത്തോളിന്റേയും ശാകുന്തളപരിഭാഷകൾ സന്നിഷ്കർഷം വായിച്ചുനോക്കിയതിൽ ചില അംശങ്ങളിൽ ആററൂരും ചില അംശങ്ങളിൽ വള്ളത്തോളും സവിശേഷം അഭിനന്ദനമർഹിക്കുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നതു്; ഇത്രമാത്രമല്ലാതെ നിരപേക്ഷമായ ഔത്തമ്യം ആററൂരിന്റെ പരിഭാഷയ്ക്കോ വള്ളത്തോളിന്റെ വിവർത്തനത്തിനോ കല്പിക്കുവാൻ വഴികാണുന്നില്ല.

മാതലിയുടെ മുഖത്തുനിന്നു മാരീചമുനിയുടെ തപസ്സിനെക്കുറിച്ചു കേട്ടപ്പോൾ "കഠിനതപസ്സു ചെയ്യുന്ന അദ്ദേഹത്തിന്നു നമസ്കാരം" എന്നു ദുഷ്യന്തൻ പറഞ്ഞതായി ആററൂർ പരിഭാഷയിൽ കാണുന്നു. "നമസ്കാരം, ഈ കഠിനതപസ്സിന്നു്" എന്നാണ് ഇതിന്നു വള്ളത്തോളിന്റെ വിവർത്തനം. ആററൂരിന്റെ പരിഭാഷയാണ് അർത്ഥത്തെ വിശദമായി കാണിക്കുന്നതെന്നു് എവരും സമ്മതിക്കും. "ഇതാ കല്പവൃക്ഷങ്ങൾ നട്ടുവളർത്തിയിരിക്കുന്ന പ്രജാപതിയുടെ ആശ്രമത്തിൽ നാം എത്തിച്ചേർന്നു" എന്നു് ആററൂർ പരിഭാഷയിൽ മാതലി ദുഷ്യന്തനോടു പറയുന്നു. വള്ളത്തോളിന്റെ തർജ്ജിമയിൽ "അദിതിദേവിയാൽ വളർത്തപ്പെട്ട മന്ദാരവൃക്ഷങ്ങളോടുകൂടിയ"താണ് ആശ്രമമെന്നും പറഞ്ഞു കാണുന്നു. ആശ്രമത്തിന്നുള്ള ദിവ്യമായ പ്രഭാവത്തെ കാണിക്കുന്നതിൽ വള്ളത്തോളാണ് മെച്ചം കൊണ്ടുപോയിരിക്കുന്നതു്. "അയേ വൃദ്ധശാകല്യ കിമനുതിഷ്ഠതിഭഗവാൻ മാരീചഃ" എന്ന വാക്യത്തെ "ശാകല്യനമ്മാമാ, കശ്യപൻ തിരുവടി എന്തുചെയ്യുന്നു" എന്നാണ് വള്ളത്തോൾ തർജ്ജിമചെയ്തിരിക്കുന്നതു്. വൃദ്ധശാകല്യനെ 'ശാകല്യനമ്മാമൻ' ആക്കിയതിൽ അനൌചിത്യം പ്രത്യക്ഷമായി കാണുന്നുണ്ടു്. മഹർഷിമാരുടെ ഇടയിൽ മരുമക്കത്തായക്കാരുടെ ഇടയിലുള്ളതുപോലെ 'അമ്മാമ'ന്നു് പ്രാധാന്യമുണ്ടാകുവാൻ വഴിയില്ല. ആററൂർ "ഹേ വൃദ്ധശാകല്യ" എന്നുതന്നെയാണ് ഇതു തർജ്ജിമചെയ്തിരിക്കുന്നതും. ആകാശത്തിൽ ലക്ഷ്യം ബന്ധിച്ചു ഒരു വാക്യം കേട്ടതായി നടിച്ചു പറയു

മ്പോഠം ഈ വാക്യത്തിന്നുമുമ്പിൽ "എന്താണു പറയുന്നതു്" (കിംബ്രവീഷി) എന്നു ചേൎത്തു പറയണമെന്നാണു നാട്യോക്തിയുടെ നിയമം. "മഹൎഷി പത്നിമാരോടുകൂടിയ ദാക്ഷായണി ചോദിച്ചതിനാൽ . . ." എന്ന ആകാശഭാഷിതമായ വാക്യത്തിൻെറ മുമ്പിൽ വള്ളത്തോഠം അതു ചേൎത്തുകാണുന്നില്ല. ഇതു വലിയൊരു ചേച്ച്കേടുതന്നെയാണു്. അണിയറയിൽനിന്നു ദുഷ്യന്തൻ കേഠക്കുന്ന ബാലനിഷേധനത്തിൽ "വികൃതികാട്ടരുത്" എന്നു് ആററൂരും 'വഷളത്തം കാട്ടരുത്' എന്നു വള്ളത്തോളും പ്രയോഗിച്ചിരിക്കുന്നു. ബാലന്മാർ ചാപല്യം കാണിക്കുന്നതിന്നു "വികൃതികാട്ടുക" എന്നുതന്നെയാണു പറയാവുള്ളതു്. "വഷളത്തം" അനുചിതമായിപ്പോയി. ഒന്നാം താപസി സൎവ്വദമനോടു പറയുന്ന വാക്യത്തിൽ "അവിനീത" എന്ന സംബോധനയെ "വികൃതി" എന്നു് ആററൂരും "പോക്കിരി" എന്നു വള്ളത്തോളും തൎജ്ജിമചെയ്തിരിക്കുന്നു. വള്ളത്തോളിൻെറ 'പോക്കിരി' വായനക്കാരുടെ നെററി ചുളിപ്പിക്കുമെന്നു തീൎച്ചയായും പറയാം. ആററൂരിൻെറ ഒരു ശ്ലോകത്തിൽ "നമ്മപ്രേമാൽ മടിയിലണയും മക്കളെപ്പൂണ്ടുപൂണ്ടു്" എന്നു പ്രയോഗിച്ചിരിക്കുന്നു. പ്രേമശബ്ദം നകാരാന്തമായിരിക്കെ 'പ്രേമാൽ' എന്നു പഞ്ചമിവിഭക്തി വരുവാൻ വഴിയില്ലാത്തതുകൊണ്ടു് ഇതു സംസ്കൃതവിഭക്തിപ്രത്യയാന്തമായ ഒരു പദമല്ലെന്നു സ്പഷ്ടമാണു്. മലയാളവിഭക്തിപ്രത്യയാന്തമാണെങ്കിൽ 'പ്രേമത്താൽ' എന്നുതന്നെ ആകേണ്ടതുമാണു്. മറെറാരു പദ്യത്തിൽ "ചന്ദനത്തരുകൃഷ്ണസൎപ്പശിശുവെന്നപോലെ" എന്നും ആററൂർ പ്രയോഗിച്ചിരിക്കുന്നു. "ചന്ദനത്തരു" എന്നു തരുവിൻെറ തകാരം ഇരട്ടിച്ചതു് എങ്ങിനെയാണെന്നു മനസ്സിലായില്ല. "ആ മാന്യസ്ത്രീയുടെ ഭൎത്താവായ രാജൎഷിയുടെ പേരെന്താണു്" എന്നു ദുഷ്യന്തൻ ചോദിച്ചതിന്നു് "ആരുച്ചരിക്കും, ആ ധൎമ്മദാരപരിത്യാഗിയുടെ പേര്" എന്നു രണ്ടാം താപസി മറുപടി പറയുന്നതായി വള്ളത്തോളിൻെറ വിവൎത്തനത്തിൽ കാണുന്നു. "ആരുച്ചരിക്കും" ഇത്യാദി വാക്യത്തിലെന്നപോലെ തലതിരിഞ്ഞ ഭാഷാരീതി കടന്നുകൂടിയതു പരിതാപകരമായ ഒരു സംഗതിയാണു്.

സൎവ്വദമനന്നു കളിക്കുവാൻ മൺമയിലിനെയുംകൊണ്ടു പ്രവേശിച്ച സുവ്രത പറയുന്ന "സഉന്ദല്ലാവണ്ണം പെക്ഖ" എന്ന വാക്യം ശാകുന്തളം തൎജ്ജമചെയ്യുവാൻ പുറപ്പെടുന്നവരുടെ സാമൎത്ഥ്യത്തെ മാററുരച്ചുനോക്കുവാനുള്ള ഒരു നികഷോപലമാണു്. 'സഉന്ദല്ലാവണ്ണം'

എന്ന സുവ്രതയുടെ പ്രാകൃതപദത്തെ ശകുന്തലാവണ്യം എന്നും ശകുന്തളാവണ്ണം എന്നും സംസ്കൃതത്തിൽ ഗ്രഹിക്കാവുന്നതാണ്. ശകുന്തലാവണ്യം (പക്ഷിയുടെ അതായതു മൺമയിലിന്റെ ഭംഗി) എന്നാണ സുവ്രത ഇതിന്നു് അൎത്ഥം വിവക്ഷിക്കുന്നതു്. സൎവ്വദമനനാകട്ടെ അതിനെ ശകുന്തളാവണ്ണം എന്നു ഗ്രഹിച്ചു് "എവിടെ എന്റെ അമ്മ" എന്നു ചോദിക്കുന്നു. അപ്പോൾ താപസിമാർ ചിരിച്ചു് "ഈ അമ്മക്കൊതിയൻ പേരിന്റെ സാദൃശ്യത്താൽ ഭ്രമിച്ചുപോയി'' എന്നു പറകയും, താപസിമാരിൽ ഒരുവൾ "കുഞ്ഞേ, ഈ മൺമയിലിന്റെ ചന്തം നോക്കു എന്നാണു ഞാൻ പറഞ്ഞതു്" എന്നു പറഞ്ഞു ബാലന്റെ ഭ്രമം തീൎക്കുകയും ചെയ്യുന്നു. ഇതിൽ "സഉന്ദളാവണ്ണം" എന്ന ഉഭയാൎത്ഥഗൎഭമായ പ്രാകൃതപദം പരിവൎത്തനാസഹിഷ്ണുവാണെന്നു പറയേണ്ടതില്ലല്ലൊ. ഇതിന്റെ വിവൎത്തനത്തിൽ പരിഭാഷകന്മാരെല്ലാം പരാജയപ്പെട്ടുകയാണു പതിവു്. മഹാകവി വള്ളത്തോൾ ഈ പദത്തെ മാററംചെയ്വാൻ ശ്രമിക്കാതെ മൂലത്തിലെ പദം അങ്ങിനെ തന്നെ വിവൎത്തനത്തിലേക്കു പകൎത്തുകയാണു ചെയ്തിട്ടുള്ളതു്. പണ്ഡിതവൎയ്യനായ ആററൂരാകട്ടെ ഇവിടെ കുറച്ചൊരു ചാതുൎയ്യം പ്രകടിപ്പിച്ചു കാണുന്നുണ്ടു്. അദ്ദേഹത്തിന്റെ പരിഭാഷ ഇങ്ങിനെയാണ്:—

താപസി—'സൎവ്വദമന! അമ്മയിൽച്ചന്തം നോക്കു!'

ബാലൻ— (തിരിഞ്ഞു നോക്കിക്കൊണ്ടു്) എന്റെ അമ്മയെവിടെ?

താപസിമാർ— ഈ അമ്മക്കൊതിയൻ 'അമ്മ' എന്ന അക്ഷരങ്ങൾ കേട്ടപ്പോഴെയ്ക്കുംതന്നെ ശകുന്തളയെന്നു ധരിച്ചു.

സത്യവ്രത— ഉണ്ണീ! ഈ മൺമയിലിന്റെ ഭംഗി നോക്കുവാനാണു പറഞ്ഞതു്''

ഈ "അമ്മയിൽച്ചന്തം" എന്ന പ്രയോഗത്തെ വളരെ ശ്ലാഘിച്ചുംകൊണ്ടു പലരും അഭിപ്രായങ്ങൾ പറയുകയുണ്ടായി. എന്നാൽ സൂക്ഷ്മപരിശോധനചെയ്താൽ പരിഭാഷകൻ ഇതിൽ യാതൊരു ബുദ്ധിസാമൎത്ഥ്യവും പ്രദശിപ്പിച്ചിട്ടില്ലെന്നും, മൂലത്തിൽനിന്നു വരുത്തിയ വ്യതിയാനം വലിയ അനൌചിത്യത്തിലാണു കലാശിച്ചിട്ടുള്ളതെന്നും കാണാവുന്നതാണ്. ഒന്നാമതു് "അമ്മയിൽച്ചന്തം" എന്ന പ്രയോഗം തന്നെ അനുചിതമായി. മയിലിന്നു മുമ്പിൽ ചേൎത്തിട്ടുള്ള 'അ' എന്ന സൎവ്വനാമം പ്രകൃതത്തിൽ യോജിക്കുന്നില്ല. ബാലന്റെ മുമ്പിൽകൊ

ണ്ടുവന്നു കാട്ടിക്കൊടുക്കുന്ന മയിലിന്നു് 'ഈ' എന്ന സൎവ്വനാമം പ്രയോഗിച്ചാലേ ചേരുകയുള്ളു എന്നു് ആ രണ്ടു സൎവ്വനാമങ്ങളുടേയും അൎത്ഥഭേദം അറിയുന്നവരോടു പറയേണ്ടതായിട്ടില്ല. അതിനാൽ താപസി വിവക്ഷിച്ച അൎത്ഥത്തിന്നു ഹാനിവരുന്നു. ബാലൻ മാറിദ്ധരിക്കുന്ന അൎത്ഥത്തിന്നും അത്യന്തം ന്യൂനതയുണ്ടു്. അമ്മയുടെ ചന്തം നോക്കുന്ന ബാലന്മാർ ഉണ്ടായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. വാദത്തിന്നുവേണ്ടി താദൃശബാലന്മാർ ഉണ്ടായിരിക്കുമെന്നുതന്നെ വിചാരിക്കുക. എന്നാലും അമ്മ എന്ന അക്ഷരങ്ങൾ കേൾക്കുമ്പോൾ തന്റെ അമ്മ എന്നു മാറി അന്ധാളിക്കുന്നവർ ബാലന്മാരുടെ ഇടയിലും ഉണ്ടാകുമെന്നു തോന്നുന്നില്ല. തന്റെ അമ്മയുടെ പേർ ആരെങ്കിലും പറയുന്നതു കേട്ടാലാണു് ഒരു ബാലൻ "എന്റെ അമ്മയെവിടെ" എന്നു ചോദിക്കുവാൻ ന്യായമുള്ളതു്. പേരു പറയാതെ അമ്മയെന്നുമാത്രം ആരെങ്കിലും പറയുന്നതു കേട്ടാൽ ഏതു ബാലനും തന്റെ അമ്മ എന്ന ഭ്രമം വരികയില്ല. നാമസാദൃശ്യത്താലാണു ബാലൻ വഞ്ചിതനായതെന്നു മൂലത്തിൽ പ്രത്യേകം പറഞ്ഞിട്ടുമുണ്ടു്. അധികം ചമല്ക്കാരം വരണമെന്നുകരുതി ശ്രീമാൻ പിഷാരടി ചെയ്ത മാററം "വെളുക്കാൻ തേച്ചിട്ടു പാണ്ടായതുപോലെ" ഒരുവക 'പാണ്ടു'നായിട്ടാണു പരിണമിച്ചതു്. "അമ്മയിൽ ചന്ത"ത്തിന്റെ ചന്തം കാണിപ്പാൻ ടിപ്പണക്കാരൻ വളരെ അക്ഷരങ്ങൾ വെറുതെ എഴുതിക്കൂട്ടിയിരിക്കുന്നു. "സൗന്ദളാവണ്ണം" എന്ന പദം മാററുകയാണെങ്കിൽ മയിലിനെത്തന്നെ മാററി ശകുന്തള എന്ന പേർ വരത്തക്കവിധം എന്തെങ്കിലും ഒരു പദം പ്രയോഗിക്കുകയായിരുന്നു വേണ്ടിയിരുന്നതു്. പി. എസ്സ്. വാരിയരവർകളുടെ സംഗീതശാകുന്തളത്തിൽ മൃത്തികാമയൂരത്തിന്നു പകരം ഒരു കുന്തളാലങ്കാരമാണു ബാലനു കളിപ്പാൻ കൊണ്ടുവന്നു കൊടുക്കുന്നതു്. എന്നിട്ടു താപസി "നിനക്കു് ആ ശകുന്തളാലങ്കാരത്തിലാണല്ലോ" എന്നു പറയുന്നു. "ആ ശകുന്തളാലങ്കാരത്തിൽ" എന്നു കേട്ടപ്പോൾ ശകുന്തളയുടെ സ്മരണ വന്നു ബാലൻ "അമ്മയെവിടെ" എന്നു ചോദിക്കയും ചെയ്യുന്നു. ഇതിന്നാണു് അധികം ഭംഗിയുള്ളതെന്നു സഹൃദയജനങ്ങൾക്കു് അറിയാവുന്നതാണു്. 'ശകുന്തള' എന്ന പദത്തിന്റെ ഉപാദാനത്തിലാണു് ഇവിടെ ഭംഗി മുഴുവനും ഇരിക്കുന്നതെന്നു പറയേണ്ടതില്ലല്ലോ.

ജാതകർമ്മസമയത്തു ഭഗവാൻ മാരീചൻ സർവ്വദമനന്റെ കയ്യിന്മേൽ ജപിച്ചു കെട്ടിച്ച അപരാജിത എന്ന 'ഓഷധി'യെ ആറ്റൂർ 'ഔഷധം' എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു. 'ഓഷധി'ക്കും 'ഔഷധ'ത്തിനും തമ്മിൽ അർത്ഥത്തിൽ ഭേദമുണ്ടു്. ഉണ്ണികൾക്കു ജപിച്ചു കെട്ടിക്കാറുള്ളതു് 'ഓഷധി'യാണു്; ഔഷധമല്ല. "ധാരയേത്സതതം രത്നസിദ്ധമന്ത്രമഹൌഷധീഃ" എന്ന വാഗ്ഭടവചനവും "അചിന്ത്യോഹി മണി മന്ത്രൌഷധീനാം പ്രഭാവഃ" ഇത്യാദി കവിപ്രയോഗങ്ങളും രക്ഷാർത്ഥമായി ദേഹത്തിൽ ധരിക്കുന്ന വസ്തു 'ഓഷധി'യാണെന്നുള്ളതിലേക്കു തെളിവാണു്. "ഏഷാ അപരാജിതാ നാമ ഓഷധിഃ" എന്ന മൂലം കണ്ടാൽ മറിച്ചു സംശയിക്കാൻ വഴിയില്ല. "ഈ അപരാജിത എന്ന ഓഷധി" എന്നു തന്നെയാണു് വള്ളത്തോൾ തർജ്ജിമ ചെയ്തിട്ടുള്ളതും. "ആരാണിതു് രക്ഷാമംഗളം ധരിച്ച കുട്ടിയെ എടുത്തു മടിയിൽവെച്ചു കെട്ടുക്കുന്നതു്?" എന്ന ശകുന്തളയുടെ വാക്യത്തിൽ അർത്ഥം സുഗമമല്ല. "മടിയിൽ വെച്ചു കെട്ടുക" എന്നാൽ "തൊട്ടു് അശുദ്ധിപ്പെടുത്തുക" യാണെന്നു പറഞ്ഞു മനസ്സിലാക്കുകതന്നെ വേണ്ടിവരും. സർവ്വദമനൻ അമ്മയോടു തന്നെ ഏതോ ഒരാൾ മകനേ എന്നു വിളിച്ചു് ആലിംഗനം ചെയ്യുന്നതായിപ്പറഞ്ഞപ്പോൾ ദുഷ്യന്തൻ പറയുന്നതായ "പ്രിയേ, ക്രൌര്യമപി മേ" ഇത്യാദി വാക്യത്തിൽ "യദഹമിദാനീം ത്വയാ പ്രത്യഭിജ്ഞാതമാത്മാനം പശ്യാമി" എന്ന അംശത്തിന്റെ പരിഭാഷ രണ്ടു ശാകുന്തളങ്ങളിലും ശരിയായിട്ടില്ല. "ഇപ്പോൾ ഭവതി എന്നെ ഓർത്തറിഞ്ഞ നില വന്നുവല്ലോ" എന്നു് ആറ്റൂർ; "നീ എന്നെ കണ്ടിട്ടറിഞ്ഞില്ലല്ലോ" എന്നു വള്ളത്തോൾ. "ഇപ്പോൾ എന്നെ ഭവതി കണ്ടിട്ടറിഞ്ഞുവല്ലോ" എന്നാണു വേണ്ടതു് എന്നു തോന്നുന്നു. ശകുന്തള ദുഷ്യന്തന്റെ കയ്യിൽ നാമമുദ്ര കണ്ടിട്ടു പറയുന്ന "ആര്യപുത്ര, ഇദം തദംഗുലീയകം" എന്ന വാക്യത്തെ "ആര്യപുത്ര! ഇതാണോ ആ മോതിരം" എന്നു് ആറ്റൂർ തർജ്ജിമചെയ്തിരിക്കുന്നു. ദുഷ്യന്തനും ശകുന്തളയും തമ്മിലുള്ള സംഭാഷണത്തിൽ മോതിരത്തിന്റെ പ്രസ്താവം മുമ്പു വന്നിട്ടില്ലായ്കയാൽ ഈ ചോദ്യത്തിനു പ്രസക്തിയില്ല. "ആര്യപുത്ര, ഇതു് ആ മോതിരമാണല്ലോ" എന്ന വള്ളത്തോൾത്തർജ്ജിമതന്നെ ശരി. താഴാതാഴിയിൽ എന്നു തുടങ്ങുന്ന പദ്യത്തിൽ "ഏഴു ദ്വീപമിയന്ന ഭൂമിയെതിരില്ലാതെജ്ജയിക്കും ദൃഢം" എന്ന പാദത്തിൽ ഏഴു,

ദീപം എന്നീ പദങ്ങളേയും, ഭരതവാക്യത്തിൽ "ഇനിയൊരു മഹദാബാധിക്കാന്നീടുക ശ്രുതീനന്ദനം" എന്ന പാദത്തിൽ ആന്നീടുക, ശ്രുതിനന്ദനം എന്നീ പദങ്ങളേയും കൂട്ടിവായിക്കുമ്പോൾ ദുഃശ്രവത്വം സ്പഷ്ടമായിത്തോന്നുന്നുണ്ട്. ഈ മാതിരി ദുഃശ്രവപ്രയോഗങ്ങളുടെ കാര്യത്തിൽ ആറ്റൂർ തീരെ അശ്രദ്ധനായിരിക്കുന്നതു വ്യസനകരം തന്നെ. "ഇനിയൊരു പുനർജ്ജന്മം" എന്ന പ്രയോഗം "വനം കാട്ടി"ൻെറ "നട്ടമദ്ധ്യത്തിൽ" കൂടി പോകുന്നവർക്കു മാത്രമേ നിർദ്ദോഷമായി തോന്നുകയുള്ളൂ.

നിർവ്വഹണസന്ധിയിലെ ശ്ലോകങ്ങൾ നോക്കുമ്പോൾ ഒരു സംഗതി സവിശേഷം പ്രസ്താവയോഗ്യമായി തോന്നുന്നുണ്ട്. ആറ്റൂരിൻെറ പരിഭാഷയിൽ ചില ശ്ലോകങ്ങൾ അത്യന്തം മനോഹരങ്ങളായിട്ടും, മറ്റു ചില ശ്ലോകങ്ങൾ അതുപോലെതന്നെ അരവഷളായിട്ടും കാണുന്നുണ്ട്. ഈ രണ്ടുതരത്തിലുമുള്ള ശ്ലോകങ്ങളും കൂടി വായിക്കുമ്പോൾ ഇത്ര വാസനാശാലിയായ ഇദ്ദേഹത്തിൻെറ പ്രതിഭയിൽനിന്നു് ഈ "ചതുഷ്പദി"കൾ എങ്ങനെ ഉണ്ടായി എന്നോ, ഈ "ചതുഷ്പദീപാന്ഥ"ൻെറ പ്രതിഭയിൽനിന്നു് ഈ ശ്ലോകതല്ലജങ്ങൾ എങ്ങനെ ആവിർഭവിച്ചുവെന്നോ വായനക്കാർ അത്ഭുതപ്പെട്ടേക്കും. വള്ളത്തോളിൻെറ കൃതിയിൽ ഈ ഒരു വ്യത്യാസം കാണുന്നില്ല. താഴേ കാണിക്കുന്ന ഉദാഹരണങ്ങൾ ഈ സംഗതി വിശദമാക്കും:—

മാതലി മാരീചാശ്രമത്തെ ചൂണ്ടിക്കാട്ടി ദുഷ്യന്തനോടു പറയുന്നു:—

പുറ്റിന്നുള്ളിൽ ശരീരം പകുതി മുഴുകിയും
പന്നഗച്ചട്ടമാറിൽ
പറ്റിച്ചേർന്നും കഴുത്തിൽ കൊടിയ പലപഴേ
വള്ളി ചുറ്റിപ്പിണഞ്ഞും
മുറ്റുംതാൻ കൂട്ടുകൂട്ടിക്കുരുവികൾ മരുവും
ചെഞ്ചിടക്കെട്ടു തോളിൽ
കട്ടച്ചുംകുറ്റിപോലമ്മുനിയിനനെതിരായ്
നിൽക്കുമദ്ദിക്കിലല്ലോ. (ആറ്റൂർ)

പുറ്റിൽപ്പൂകിയ പാതിമെയ്യോടരവ-
ത്തോൽ ചേർന്ന മാർത്തട്ടോടും,
ചുറ്റിത്തീർത്ത കിഴട്ടുവള്ളികൾ തുലോം
നോവിച്ച കണ്ഠത്തൊടും,

മുററിപ്പക്ഷികൾ കൂട്ടവെച്ചു ചുമലിൽ-
ത്തിങ്ങും ചിടച്ചാർത്തോടും,
കുററിയ്ക്കൊത്തിളകാതതാ, മുനിയൊരാൾ
മേവുന്നിതഭ്യർക്കനോയ്.

(വള്ളത്തോൾ)

ആറവരിൻെറ പദ്യം അന്യാദൃശമായ രചനാസൌന്ദര്യം കൊണ്ടും അനന്യസാമാന്യമായ അർത്ഥസ്ഫുടതകൊണ്ടും ശാകുന്തള പരിഭാഷാശ്ലോകങ്ങളിൽ മാത്രമല്ല ഭാഷാസാഹിത്യത്തിലെ പരിഭാഷാപദ്യങ്ങളിലെല്ലാററിലുംവെച്ചു മികച്ചു നിൽക്കുന്നു. ആകൃതിയിലും പ്രകൃതിയിച്ചും തുലോം വിസദൃശമായ സംസ്കൃതഭാഷയിലെ പദ്യങ്ങൾ മലയാളഭാഷയിലേയ്ക്കു തന്മയത്വത്തോടുകൂടി തർജ്ജിമ ചെയ്യേണ്ടതിനുള്ള ഒരു മാതൃകയാണ് ഈ ശ്ലോകമെന്നു പറഞ്ഞാൽ ഒട്ടും ഏറിപ്പോകയില്ല. സംസ്കൃതത്തിലെ ബഹുവ്രീഹിസമാസം മലയാളത്തോടു തീരെ പൊരുത്തമില്ലാത്തതാണ്. ആറവർ അതു മലയാളത്തിന്നു യോജിച്ചവിധം മാററിയിരിക്കുന്നതുകൊണ്ട് അദ്ദേഹത്തിൻെറ പദ്യത്തിന്നു നല്ല ഉള്ളൊതുക്കം കിട്ടിയിരിക്കുന്നു. ശരീരം 'മുഴുകിയും' പന്നഗച്ചട്ട പെററിച്ചേർന്നും' എന്നു തുടങ്ങിയ ക്രിയാസമുച്ചയങ്ങളാണ് ഈ ഉള്ളൊതുക്കമുളവാക്കിയിരിക്കുന്നത്. വള്ളത്തോൾ ബഹുവ്രീഹിയിലെ 'കാട്ട' വിടാതെ പിടിച്ചിരിക്കുന്നതിനാൽ അദ്ദേഹത്തിൻെറ പദ്യം മലയാളമട്ടിൽനിന്നു തെല്ലൊന്നു വ്യതിചലിച്ചിരിക്കുന്നു. ആറവർപ്പദ്യത്തോടൊപ്പിച്ചുനോക്കുമ്പോൾ വള്ളത്തോൾപ്പദ്യം കുറച്ചു താഴെയാണെന്നുവേണം പറവാൻ. എന്നാൽ മൂലത്തിലെ 'അത്യർത്ഥസമ്പീഡിതഃ', 'അചലഃ' എന്നി പദങ്ങളുടെ അർത്ഥം തർജ്ജിമയിൽ വരുത്തുവാൻ ആറവരിന്നു സാധിച്ചിട്ടില്ല. വള്ളത്തോളാകട്ടെ 'തുലോം നോവിച്ച', 'ഇളകാതെ' എന്നിവകൊണ്ട് അവയുടെ അർത്ഥവും വരുത്തിയിരിക്കുന്നു.

മഹർഷിമാരുടെ തപോവനഭൂമികളെ നോക്കി വിസ്മയപ്പെട്ടു ദുഷ്യന്തൻ പറയുന്നു:—

ശ്രീമൽകല്പദ്രുതിങ്ങും വനമതിലുചിത-
പ്രാണനം വായുവാലേ
ഹേമാംഭോജപ്പൊടിച്ചാർത്തിയലുമൊരുജലേ
പുണ്യമാം സ്നാനകർമ്മം

ധ്യാനം രത്നാചലേ സംയമമമരികൾതൻ
ചാരവേ വൻതപസ്സാൽ
കാമിക്കുന്നേതിനോരോ മുനികളിവരതിൽ
ത്താൻതപം ചെയ്തിടുന്നു.
(ആററൂർ)

പ്രാണത്രാണം സകല്പദ്രുമവിപിനതലേ
കാററശിച്ചാണു, പുണ്യ-
സ്നാനാത്ഥം, പൊന്നുതണ്ടാരുകളുടെ പൊടിയാ-
ലൊട്ടു മഞ്ഞച്ചവെള്ളം;
ധ്യാനത്തിന്നാം മണിപ്പാറകളു;-മരവധൂ-
സന്നിധൌ ബ്രഹ്മചര്യം;
താനേ ചെവ്വ തപസ്സിജ്ജന, മിതരർ തപം
കൊണ്ടു തേടുന്നിടത്തിൽ.
(വള്ളത്തോൾ)

ഇവയിൽവെച്ച് ആററൂരിൻെറ പദ്യം മൂലാനുസാരിയായ രുചിരരചനകൊണ്ടു് അധികം നന്നായിട്ടുണ്ടു്. കല്പവൃക്ഷങ്ങളുള്ള വനത്തിൽ പ്രാണവൃത്തി, കാഞ്ചനപത്മങ്ങൾ നിറഞ്ഞ വെള്ളത്തിൽ നിയമാഭിഷേകം, രത്നശിലകളിൽ ധ്യാനം, സുരസ്ത്രീസന്നിധിയിൽ സംയമം എന്നിങ്ങനെ ഈ മുനിമാരുടെ തപസ്സിൻെറ അംഗങ്ങളിൽ ഓരോന്നും അന്യമുനിമാർ തപസ്സുകൾകൊണ്ടു ലഭിപ്പാനിച്ഛിക്കുന്ന സ്ഥാനങ്ങളിലാണു് എന്നാണിതിൽ പറഞ്ഞിരിക്കുന്നതു്. തപസ്സു ചെയ്യുന്ന സ്ഥാനങ്ങൾക്കു് ഇതിൽ കല്പിച്ചിട്ടുള്ള പ്രാധാന്യത്തെ ആററൂർ സംരക്ഷിച്ചിട്ടുണ്ടു്. വള്ളത്തോൾ വാക്യരചനയിൽ വരുത്തിയ ഭേദത്താൽ ആ പ്രാധാന്യം കളഞ്ഞിരിക്കുന്നു. എന്നാൽ 'രത്നശിലാതലേഷു' എന്ന മൂലത്തെ 'രത്നാചലേ' എന്നും 'അന്യമുനയഃ' എന്നതിനെ 'ഓരോ മുനികൾ' എന്നും ആററൂർ പരിഭാഷപ്പെടുത്തിയതു് എന്തുകൊണ്ടാണെന്നു മനസ്സിലായില്ല. 'രത്നാചലേ=രത്നമയമായ പാറപ്പുറത്തു്', എന്നു് ആററൂരിൻെറ ചെറുശ്ശേരി ടിപ്പണവും എഴുതിയിരിക്കുന്നു. അചലവും ശിലയും ഒന്നാണെന്നു പറഞ്ഞാൽ അദ്രിഗോത്രഗിരിഗ്രാവാചലശൈലശിലോച്ചയാഃ'' എന്ന അമരശ്ലോകം പഠിച്ചിട്ടുള്ള കുട്ടികൾ സമ്മതിക്കുമെന്നു തോന്നുന്നില്ല.

കരുതുന്നതില്ല ഹൃദി ഞാൻ മനോരഥം
വെറുതേ തുടിച്ചിടുവതെന്തു ബാഹു നീ

നിരസിച്ചു തള്ളിയൊരു ഭാഗ്യമായതിൻ
പരിവൎത്തനം പരമദുഃഖമാണിഹ.

(ആറ്റൂർ)

ഇല്ലാശമേ വാഞ്ഛിതസിദ്ധിയിങ്ക-
ലെന്തിന്നു കയ്യേ, വിറകൊൾവു പാഴിൽ
തള്ളിക്കളഞ്ഞീടിന നന്മ പിന്നെ
ത്തിരിച്ചുവന്നെത്തുകെളുപ്പമാണോ?

(വള്ളത്തോൾ)

'കരുതുന്നതില്ല ഹൃദി ഞാൻ മനോരഥം' ഇതിനു മനോരഥം ലഭിപ്പാൻ ഞാനാശിക്കുന്നില്ല എന്ന അൎത്ഥം ക്ലേശസാദ്ധ്യമാണു്. ബാഹുവിനോടുള്ള സംബോധന കളഞ്ഞതു് ഒരു ന്യൂനതയുമായി. ''നിരസിച്ചുതള്ളിയൊരു'' എന്നു തുടങ്ങുന്ന ഉത്തരാൎദ്ധത്തിൽ ആറ്റൂർ കല്പിച്ചിരിക്കുന്ന അൎത്ഥം പരക്കെയുള്ള സഹൃദയന്മാൎക്കു സമ്മതമാകുമെന്നും തോന്നുന്നില്ല. 'ശ്രേയ'സ്സിനെ ഭാഗ്യമാക്കിയതിരിക്കട്ടെ. ശ്രേയസ്സ് മുമ്പു് നിരസ്തമായാൽ പിന്നെ തിരിച്ചുകിട്ടുവാൻ പ്രയാസമുണ്ടെന്നാണു് ഉത്തരാൎദ്ധത്തിന്റെ അൎത്ഥം. ഭാഗ്യത്തെ നിരസിച്ചാൽ പിന്നെ അതിന്റെ വരവു പരമദുഃഖത്തിന്റെ രൂപത്തിലാണു് എന്നാണു് ആറ്റൂർ ഇതിന്നൎത്ഥം കല്പിച്ചിരിക്കുന്നതു്. ബാഹുസ്പന്ദനം മനോരഥത്തിന്റെ സൂചകമാണല്ലോ. അതിന്റെ വൃഥാത്വകഥനം കൊണ്ടു സിദ്ധിക്കുന്നതു മനോരഥം സിദ്ധിപ്പാൻ പ്രയാസമുണ്ടെന്നല്ലാതെ മനോരഥപ്രതികൂലമായ ദുഃഖമുണ്ടാകുമെന്നാകുവാൻ വഴിയില്ല. മുമ്പു തള്ളിക്കളഞ്ഞ ശ്രേയസ്സ് പിന്നെ തിരിച്ചുവരുമോ എന്നാണിവിടെ ചോദ്യം; തിരിച്ചുവരുന്നതു് എന്തു രൂപത്തിലായിരിക്കുമെന്നല്ല. മനോരഥം (അതായതു മനോരഥവിഷയമായ പ്രേയസി) തിരിച്ചുവരികയില്ല എന്ന പൂൎവ്വാൎദ്ധത്തിന്റെ അൎത്ഥത്തെ ഉത്തരാൎദ്ധത്തിന്റെ അൎത്ഥംകൊണ്ടു സമൎത്ഥിക്കുകയാണല്ലോ ഇതിൽ ചെയ്യുന്നതു്. പൂൎവ്വവാക്യാൎത്ഥം വിശേഷവും ഉത്തരവാക്യാൎത്ഥം സാമാന്യവുമാകയാൽ സാമാന്യംകൊണ്ടു വിശേഷത്തെ സമൎത്ഥിക്കുകയെന്ന അൎത്ഥാന്തരന്യാസം അലങ്കാരം ആറ്റൂർ പരിഭാഷയിൽ സമൎത്ഥനീയമായ പൂൎവ്വവാക്യാൎത്ഥത്തിന്നും സമൎത്ഥകമായ ഉത്തരവാക്യാൎത്ഥത്തിന്നും തമ്മിൽ പൊരുത്തമില്ലാതായിരിക്കുന്നു. വള്ളത്തോൾപ്പദ്യത്തിൽ ഈവക വൈകല്യങ്ങളില്ല. അതിന്റെ രചനയും സുന്ദരമായിട്ടുണ്ടു്.

വിറകിന്നായ്ക്കാത്തിടും തീപ്പൊരിപോലികുമാരകൻ
പുരുതേജോവീര്യമെന്നു കരളിൽത്തോന്നിടുന്നു മേ.
(ആറവർ.)

കരുതുന്നേൻ ഞാൻ വലുതാ-
മൊരു തേജസ്സിന്റെ ബീജമിബ്ബാലൻ
വിറകിട്ടാൽക്കത്താനായ്
പ്പൊരിയായമരുന്ന പാവകൻ പോലെ.
(വള്ളത്തോൾ.)

"വിറകിന്നായ്ക്കാത്തിടും തീപ്പൊരി"— വിറകിനുവേണ്ടി തീപ്പൊരി കാത്തുനിൽക്കുന്നതു സാധാരണ പതിവില്ലാത്തതാണ്. ബാലനെ തീപ്പൊരിയോടല്ല പൊരിയായി സ്ഥിതിചെയ്യുന്ന വഹ്നിയോടാണ് മൂലത്തിൽ ഉപമിച്ചിരിക്കുന്നത്. ഈ ബാലൻ വലുതായ തേജസ്സിന്റെ ബീജമാണെന്നു തോന്നുന്നു. എന്തുപോലെയെന്നാൽ വിറകുകൂട്ടിയാൽ കത്തി വലുതാവുന്നതും പൊരിയായിരിക്കുന്നതുമായ അഗ്നിയെന്നപോലെ എന്നാണല്ലോ മൂലാർത്ഥം. വലിയ തേജസ്സിന്റെ 'ബീജം' എന്നു വേണ്ടതിനുപകരം 'വീര്യം' എന്നു പറഞ്ഞതു ശരിയായില്ല. "കരളിൽ തോന്നിടുന്നുമേ" എന്ന പ്രയോഗം കാണുമ്പോൾ കരളിലല്ലാതെ ആക്കെങ്കിലും തോന്നുക പതിവുണ്ടോ എന്നു ചോദിക്കാനും തോന്നുന്നുണ്ട്. ആറവരിന്റെ പദ്യത്തിലെപ്പോലെയുള്ള ന്യൂനതകളും അസാരസ്യങ്ങളും വള്ളത്തോളിന്റെ ശ്ലോകത്തിലില്ലെന്നു രണ്ടുംകൂടി വായിക്കുന്നവർക്കറിയാവുന്നതാണ്.

തെല്ലും നീ ചിത്തതാരിൽ സുതനു കരുതിടൊ-
ല്ലേ ത്യജിച്ചുള്ള തെറ്റെ-
ന്നുള്ളത്തിൽ പാരമെന്തോ ബലമൊടൊരുവിമോ-
ഹം തദാ വന്നുപോയി
വല്ലാതേലും തമസ്സാന്നവർ ശുഭമതിലീ
മട്ടു വർത്തിപ്പതല്ലോ
തള്ളീടും തട്ടിയന്ധൻ തലയിലിടുവൊരാ
മാലയും സർപ്പബുദ്ധ്യാ.
(ആറവർ)

ചാമ്പേയാംഗി, വെടിഞ്ഞതിൻ പരിഭവം
നീങ്ങട്ടെ നിന്മാനസാൽ;
ഞാൻ പാരിച്ച വിമോഹമൊന്നിലറിയാ-
താപ്പെട്ടു പോയേൻ തദാ;

മാണ്ടെത്തും പൊഴുതാചരിപ്പതിതു മ-
ട്ടല്ലോ തമസ്സേറിയോർ
പാമ്പെന്നോർത്തു കുടഞ്ഞിടുന്നു കുരുടൻ
പൂമാല ചൂടിയ്ക്കിലും.

(വള്ളത്തോൾ)

ദുഷ്യന്തൻ ശകുന്തളയുടെ കാല്ക്കൽ വീണിട്ടു് ക്ഷമാപണം ചെയ്യുന്നതാണു് ഈ പദ്യം. ഇതിൽ ആററൂരിന്റെ പരിഭാഷയ്ക്കു് ആകപ്പാടെ ഒരു പ്രസന്നതയില്ല. മൂലത്തിലെ 'ഹൃദയ'ത്തെ തർജ്ജിമയിൽ 'ചിത്തതാർ' ആക്കിയതു് ആഭാസരൂപകമായി. കരുതിടൊല്ലേ ത്യജിച്ചുള്ള ഖേദം', 'ഒരുവിമോ—ഹംതദാ വനുപോയി" എന്നിവയിലെ യതിഭംഗങ്ങൾ ദുസ്സഹങ്ങൾതന്നെ. 'തള്ളീടും തട്ടിയന്ധൻ തലയിലിടുവൊരാ മാലയും സർപ്പബുദ്ധ്യാ' എന്ന പാദം രചനാവിഷയത്തിൽ തുലോം വികൃതമായുമിരിക്കുന്നു. ''പുററിന്നുള്ളിൽ ശരീരം'' എന്നു തുടങ്ങിയ ഹൃദ്യപദ്യങ്ങൾ നിർമ്മിച്ച ആററൂരിന്റെ അനുഗൃഹീതമായ പ്രതിഭ 'മുട്ടുശാന്തി' നിവൃത്തിക്കുന്നതിനുമാത്രം ഉതകുന്ന ഇത്തരം ക്ലിഷ്ടപദ്യങ്ങളെ പ്രസവിച്ചതു ശോചനീയംതന്നെ. വള്ളത്തോൾപ്പദ്യം ആകപ്പാടെ ഹൃദ്യമായിട്ടുണ്ടു്. 'സുതനു'വിനെ ചാമ്പേയാംഗി'യാക്കിയതിനു ദ്വിതീയാക്ഷരപ്രാസം കിട്ടിയതു മാത്രമേ പ്രയോജനം കാണുന്നുള്ളു. ആററൂരിന്റെ പദ്യത്തേക്കാൾ പതിന്മടങ്ങു മാധുര്യമുള്ളതാണു് ഇതെന്നു പ്രഥമദർശനത്തിൽതന്നെ ഏവരും സമ്മതിക്കും.

൭. ഉപസംഹാരം

ആററൂർ-വള്ളത്തോൾ ശാകുന്തളങ്ങളെപ്പററിയുള്ള എന്റെ ഈ വിചിന്തനം ആദ്യം വിചാരിച്ചിരുന്നതിനേക്കാൾ കുറച്ചധികം ദീർഘിച്ചുപോയി. ഇനി വായനക്കാരുടെ ക്ഷമയെ പരീക്ഷിപ്പാൻ നിൽക്കാതെ ഇതവസാനിപ്പിക്കാം. ഈ അവസരത്തിൽ രണ്ടു വാക്കു പറയേണ്ടതായിട്ടുതോന്നുന്നു. ആററൂർ ഒരു മഹാപണ്ഡിതൻ. വള്ളത്തോൾ ഒരു മഹാകവിയും. രണ്ടുപേരും കേരളീയരുടെ ആരാധനയെ അർഹിക്കുന്ന മഹാന്മാരാണു്. എന്റെ നിരൂപണത്തിൽ വല്ല ഭാഗവും അവരുടെ മാന്യതയ്ക്കനുരൂപമല്ലാത്തവിധം നിശിതമായിട്ടുണ്ടെങ്കിൽ അതു ഗുണം മതിയാവാഞ്ഞിട്ടുള്ള അതൃപ്തികൊണ്ടു മാത്രമാണെന്നും ദോഷപ്രഖ്യാപനത്തിലുള്ള സംരംഭംകൊണ്ടല്ലെന്നും വിചാരിച്ചു സഹൃദയജനവിധേയനായ എന്നെ അനുഗ്രഹിക്കുമാറാകണമെന്നു് അവരോടു സാദരം അപേക്ഷിച്ചുകൊള്ളുന്നു.

# അവതാരം.

—ഫാദർ സെബാസ്റ്റ്യൻ തേർമഠം, വിദ്വാൻ.

പാരിച്ച നിദ്ര തന്നങ്കത്തിലൂഴിയാൾ
ഭൂരിതാപാൽ തല ചാച്ചു കിടക്കവെ,
ദാരുവിൻ പച്ചിലപോലുമിളക്കാതെ
മാരുതൻ മന്ദമൊതുങ്ങി നിന്നീടവെ,
ഭൂവിൻ വിശാലതലത്തിൽ പ്രകൃതിയാൾ
തൂവെണ്ണിലാവിനാൽ വെള്ളവിരിക്കവെ,
മന്ദ്രമധുരമായംബുധി സന്തോഷ-
ത്തുന്ദിലം തൂർയ്യനിനാദം മുഴക്കവെ,
'മാലാഖ'മാരെന്നപോലവെ താരക
ജാലമാശ്ചര്യനിഭൃതമായ് നോക്കവെ,
ചേലിലാസ്വർഗ്ഗീയമാധുരി കാണായി
കാലിത്തൊഴുത്തിലെപ്പുൽത്തൊട്ടിൽ മൂർത്തമായ്
ഇല്ല മണിമേട കാലിത്തൊഴുത്തൊഴി-
ഞ്ഞി,ല്ല പൂമെത്ത, വൈക്കോൽപ്പരപ്പെന്നിയേ
ഇല്ല ബന്ധുക്കൾ, തൻകൈകൾ വിരചിച്ച
നല്ല ഹൃദയങ്ങൾ—ആടുകൾ—എന്നിയെ.
ഇല്ല നൽപ്പട്ടുപുതപ്പു പുതക്കുവാൻ,
വല്ലാത്ത കീറപ്പഴന്തുണിയെന്നിയെ,
കണ്ണുനീർതൂകിസ്സവിസ്മയസ്തബ്ധമായ്
വിണ്ണിൻമുഖം മാത്രമങ്ങനെ നില്ക്കയായ്!
അന്ധകാരത്തിൻ മടിത്തട്ടിലിപ്പൊഴും
തൻതലവെച്ചുറങ്ങിടുന്ന ലോകമേ!
കൺമിഴിച്ചീടുക, നിൻ മുമ്പിലല്ലയോ,
കൺമണിയായിക്കിടപ്പൂ മഹേശ്വരൻ!
അല്ലെങ്കിൽ മുന്നിലായ്സ്സത്യപ്രദീപമുൽ-
ഫുല്ലമാംകാന്തി നിചയം പൊഴിക്കിലും
കാണുകില്ലല്ലോ മനുഷ്യന്റെ പാഴ്മിഴി
കാണേണ്ടതെന്നും തിമിരം മൂഴ്ക്കയാൽ.

# ശാസ്ത്രവും, സാഹിത്യവും.

—വ്യാകരണഭൂഷണം എം. എൻ. വാസുദേവൻ ഭട്ടതിരി.

ശാസ്ത്രം അപ്രധൃഷ്യനായ ഒരു രാജപുംഗവനെങ്കിൽ, സാഹിത്യം നയശാലിയായ മന്ത്രിസത്തമനത്രെ. അതേ—ഒന്നാജ്ഞാപിയ്ക്കുന്നു; അപരം അനുവൎത്തിപ്പിയ്ക്കുന്നു. ഒന്നുകൂടി വിശദീകരിയ്ക്കുകയാണെങ്കിൽ— ജീവിതത്തിലെ ദൈനന്ദിനസംഭവപരമ്പരകളുടെ നാനാത്വത്തിൽ ആമഗ്നവും, ആഭഗ്നവുമായ ഹൃദയത്തെ ശാസ്ത്രം അതിന്റെ പിടിയിൽനിന്നു വ്യാവൎത്തിപ്പിച്ചു്, ആഹ്ലാദത്തിന്റെ പൊട്ടിച്ചിരിയോ, രോദനത്തിന്റെ ആൎത്തസ്വരമോ അനുഭവഗോചരമാകാത്ത ഒരു നിശ്ശബ്ദവും, പക്ഷേ നിൎവ്വികാരവും, ആയ ലോകത്തിലേയ്ക്കു നയിയ്ക്കുകയാണെങ്കിൽ, അതേ സമയത്തു സാഹിത്യം ജീവിതസരണിയിൽക്കൂടി ഉദരംഭരവ്യഗ്രതയാൽ അന്ധമായി പാഞ്ഞുപോകുന്ന ജനതയെ— സഹൃദയനെ വിളിച്ചുണൎത്തി പറയുന്നു—"സഹോദര! എന്തുറക്കമാണിതു്. നിങ്ങൾ കണ്ണൊന്നു തുറന്നു നോക്കു അതാ, ആ കാണുന്ന പുതിയ ലോകത്തിലേയ്ക്കു്." ആദ്യം അയാൾ അതൊന്നും വിശ്വസിയ്ക്കുന്നില്ലെങ്കിൽക്കൂടി ആ സ്നേഹിതന്റെ നിൎബ്ബന്ധം അയാളെക്കൊണ്ടു ചിലതിനൊക്കെ സമ്മതം മൂളിപ്പിയ്ക്കുന്നു. ഹാ! എന്തത്ഭുതം!—അയാൾ ഇല്ലെന്നു വിചാരിച്ചിരുന്ന ആ പുതിയ ലോകം ആവിൎഭവിയ്ക്കുന്നു; ചില അവ്യക്തരൂപങ്ങൾ അവിടെ നൃത്തം വെയ്ക്കുന്നുണ്ടെന്നു് അയാളുടെ മാനസദൃഷ്ടി കാണുന്നു. ക്രമേണ അതുകൾക്കു് അയാൾ കല്പിയ്ക്കുന്ന ഓരോ രൂപങ്ങൾ കൈവരുകയായി. അവരുമായി അയാൾ സ്നേഹിയ്ക്കുന്നു; ചുരുക്കത്തിൽ ചിലരോടു പക്ഷപാതം കൂടി കാണിയ്ക്കുന്നു. അവരിൽ ചിലരുടെ കഷ്ടതയിൽ അയാൾ അനുതപിയ്ക്കുന്നു; ചിലരെ അനുമോദിയ്ക്കുന്നു. അയാൾ തികച്ചും ഈ ലോകത്തിലെ ഒരു ജീവിയല്ലെന്നുള്ള നിലയിൽ ആയിത്തീരുന്നു. ഉണ്ണുവാനൊ ഉറങ്ങുവാനൊ വേണ്ടി മടങ്ങിവരുക അത്രമാത്രം. അയാൾക്കു് ആ സങ്കല്പസൃഷ്ടമായ ലോകത്തിൽ യഥേഷ്ടം സുഖിയ്ക്കാം, യഥേഷ്ടം ദുഃഖിയ്ക്കാം. പക്ഷേ—രണ്ടിൽനിന്നും ഒരേ രസമാണു് അയാൾ അനുഭവിയ്ക്കുന്നതു്— ആനന്ദം. അതേ— സാഹിത്യം ആനന്ദത്തിലേയ്ക്കു വഴി കാട്ടിത്തരുന്നു. ഒരു പൌരസ്ത്യനും പണ്ഡിതവരേണ്യനുമായ കവി പറയുകയാണു്, ആനന്ദത്തിൽനി

ന്നാണു പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളുടേയും ഉൽപത്തിയെന്നു്. ആ ഉൽപത്തിസ്ഥാനത്തേയ്ക്കുള്ള ഉപപ്ലുതിയത്രേ, അവന്റെ ജീവിതസംരംഭങ്ങൾ മുഴുവൻതന്നെ. "മുസോളിനി"യുടെ 'കുതിരകയററവും', ജനറൽ "ഫ്രാങ്കോവി"ന്റെ പ്രമത്തതയും, ജാപ്പാന്റെ സാമ്രാജ്യദുർമ്മോഹവും, ഹെർ"ഹിററ്‌ലരു"ടെ തിരപ്പുറപ്പാടും, ബ്രിട്ടന്റെ സിംഹാവലോകനവും, രഷ്യയുടെ വധശിക്ഷയും, ഫ്രാൻസിന്റെ നിശ്ശബ്ദതയവും ഈ ആനന്ദത്തെത്തേടിയലയുന്ന ജീവിതത്തിന്റെ വികൃതചേഷ്ടകളാണു്. അജ്ഞനും, അപൂർണ്ണനും ആയ മനുഷ്യനു് അനുഭവപ്പെടുന്നതോ? വെറും പ്രാതിഭാസികാസുഖം മാത്രം. പാരമാൎത്ഥികമായതു് ഇനിയും അവനിൽനിന്നു വളരെ വിദൂരമാണു്. ആ ആനന്ദമാണു സാഹിത്യത്തിന്റെ ലക്ഷ്യം. ബ്രഹ്മാനന്ദസഹോദരമായ—വിഗളിതവേദ്യാന്തരമായ — അതേ ആനന്ദം.

ശാസ്ത്രത്തിനും വ്യാപകമായ ഒരൎത്ഥമുണ്ടു്. അതാണു മുക്തി. അതായതു മോചനം. വിഷയലോലുപനായ മനുഷ്യന്റെ മൃഗതൃഷ്ണയുടെ വേരറുക്കൽതന്നെ. അതോടുകൂടി അവൻ ബന്ധനവിമുക്തനാവുന്നു. സാധാരണലോകം ഈ വരി വായിക്കുമ്പോൾ പൊട്ടിച്ചിരിക്കാം. ഈ പഴഞ്ചൻ അഭിപ്രായത്തോടു് ഒരുപക്ഷേ അവൎക്കു് അനുകമ്പ തോന്നാം. എന്നാലും അപ്രമാദികമായ ഒരു പരമാൎത്ഥമാണു് അതെന്നു പറയാതിരിക്കാൻ അനുഭവം എന്നെ അനുവദിക്കുന്നില്ല. വിവരിയ്ക്കാം. ആദ്യമായി ശാസ്ത്രം എന്നു പറയപ്പെടുന്ന ആധുനികസയൻസാണു് മനുഷ്യന്റെ മനസ്സിൽ സ്ഥലംപിടിക്കുന്നതു്. ഇവിടെ അതല്ല വിവക്ഷിതവും പ്രതിപിപാദയിഷിതവുമായിട്ടിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഭാരതീയൎക്കും ചില ശാസ്ത്രങ്ങളൊക്കെയുണ്ടായിരുന്നു. ഇപ്പോഴും അവ ഉണ്ടുതാനും. അനുകരണഭ്രാന്തമായ ഭാരതം ഏതാനും നൂററാണ്ടുകളായി അതുകളെ ആദരിക്കാതായിത്തുടങ്ങിയിട്ടു്. അതുകൊണ്ടു വല്ല തരക്കേടും അവകൾക്കു സംഭവിച്ചിട്ടുണ്ടെന്നോ, സംഭവിക്കുമെന്നോ അഭിപ്രായമില്ല. ഒരാൾ സത്യത്തെ ആദരിച്ചില്ലെങ്കിൽ സത്യത്തിനു അതുകൊണ്ടു് എത്ര കോട്ടം വരും! അത്രമാത്രമേ അവയെസ്സംബന്ധിച്ചും പറയാനുള്ളൂ. ആ ഭാരതീയശാസ്ത്രങ്ങളിൽ സൎവ്വപ്രകാരേണയും പ്രാധാന്യത്തെ അൎഹിക്കുന്ന ചിലതുകളാണു വേദാന്തം, തൎക്കം, വ്യാകരണം, ജ്യോതിഷം ഇവകൾ. അപരിച്ഛേദ്യങ്ങളും അപ്രമേയങ്ങളുമായ ആത്മീയതത്വങ്ങളെ അണുമാത്രം സ്ഖലനമോ വ്യതിചലനമോ കൂടാതെ പ്രതിപാദിച്ചു പ്രസ്പുടീകരിക്കുന്നതും, "ജന്മാദ്യസ്യയതഃ" ഇത്യാദി പാരിഭാ

ഷികസൂത്രങ്ങളെക്കൊണ്ടു പ്രാപഞ്ചികരഹസ്യത്തെ പ്രത്യക്ഷീകരിക്കുന്നതുമായ വേദാന്തത്തെസ്സംബന്ധിച്ചേടത്തോളം അതെങ്ങിനെയാണു മുക്തിക്കടിസ്ഥാനമായിരിക്കുന്നതെന്നതിൽ ആക്കുംതന്നെ ആശങ്കക്കവകാശം ഉണ്ടാകില്ല. ''വിദജ്ഞാനേ'' എന്ന ജ്ഞാനാർത്ഥവാചിയായ വിദ്ധാതുവിന്റെ ഒരു രൂപമായ വേദശബ്ദത്തോട് അതിന്റെ പാരമ്യത്തെ കാണിക്കുന്ന അന്തശബ്ദം ചേർത്തു സമാസിക്കുമ്പോൾ ആ ശബ്ദസംഘാതത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന അർത്ഥഗൌരവംതന്നെ അങ്ങിനെ വല്ല സംശയവും വല്ലവർക്കും ഉണ്ടെങ്കിൽ അതിനെ പലായനം ചെയ്യിച്ചുകൊള്ളും. അതുപോലെയോ, അതഃൽ കവിഞ്ഞതോ ആയ സ്ഥാനം മുക്തിയെ സംബന്ധിച്ചേടത്തോളം മററു ശാസ്ത്രങ്ങൾക്കും ഉണ്ടെന്നു പറയുമ്പോഴാണ് അതിശയം തോന്നുക, അസാംഗത്യം തോന്നുക. ഇവിടെ ഒരു ഭാരതീയശാസ്ത്രകാരൻ, അയാൾ ഒരു താർക്കികനോ വൈയ്യാകരണനോ ആകട്ടെ— ചിരിച്ചുകൊണ്ടു പറയും "ഉവ്വ്." അയാൾ ഇങ്ങിനെ തുടരും— ആദ്യമായി തർക്കത്തെ ശോധിക്കാം നമുക്ക്. അതിൽ പ്രഥമമായി പ്രതിപാദിക്കുന്നതു പദാർത്ഥങ്ങളെയാണ് "ദ്രവ്യ, ഗുണ, കർമ്മ, സാമാന്യ, വിശേഷ, സമവായാഭാവാഃ സപ്തപദാർത്ഥാഃ" എന്ന പദാർത്ഥങ്ങൾ ഏഴാണെന്നു നിഷ്കൃഷ്ടമായി ഒരു ലക്ഷണത്തെ നിർവ്വചിക്കുന്നു. അതിന്നു ശേഷം ചില ആശങ്കകൾ സ്വയം ഉദ്ധരിക്കുകയായി ആ ശാസ്ത്രകാരൻ. ആ ആവിഷ്കരണത്തിൽ ഒക്കെത്തന്നെ അനുഭവപൂർണ്ണങ്ങളായ യുക്തികൾ ഉപാത്തങ്ങളായിരിക്കും. എന്നാൽ ആ ആശങ്കാങ്കുരങ്ങൾ അദ്ദേഹത്തിന്റെ പ്രതിഭാപ്രകാണ്ഡത്തിൽനിന്നും പ്രവഹിക്കുന്ന പ്രചണ്ഡഗോക്കളാൽ—അവ എത്രതന്നെ യുക്തിയുക്തങ്ങളും, പ്രബലങ്ങളായിട്ടു വേരൂന്നിയവകളുമാകട്ടെ— വാടിക്കരിഞ്ഞുപോകും. അതൃപ്തനായ ആ ശാസ്ത്രകാരൻ അതുകൊണ്ടു സമാധാനിക്കുന്നില്ല. അയാളുടെ ഗൃദ്ധ്രദൃഷ്ടി വീണ്ടും ചുഴിഞ്ഞു ചുഴിഞ്ഞു കടക്കുകയായി, ആ വാക്യത്തിലെ ഓരോ പദത്തിലും, അക്ഷരത്തിലും, വള്ളിയിലും, പുള്ളിയിലും. ഒരു പരിഹാസലോലുപനായ പ്രതിയോഗിയുടെ ഉത്സാഹത്തോടും, ഉൽക്കണ്ഠയോടും അങ്ങിനെ ആ പരിശ്രമി ഉണ്ടാകാവുന്നിടത്തോളം പൂർവ്വപക്ഷങ്ങൾ യാതൊരു ദയയും വിചാരിക്കാതെ പെറുക്കി പെറുക്കിയെടുക്കും. അവകൾ അചിരേണ ആ അദ്ധ്യത്തെ സിദ്ധാന്തോക്തിക്കു മാററുകൂട്ടി പൊലിഞ്ഞുപോകും. ഒന്നുമില്ല. ചുരുക്കത്തിൽ പത്തും മുപ്പതും ഏടുകൾ മറിച്ചുകഴിഞ്ഞാൽ അവ

സ്ഥാനം തെളിയുന്നതു് അതേ—പദാൎത്ഥങ്ങൾ ഏഴാണെന്നുതന്നെയാണു്. നോക്കുക. ഇവിടെയാണു ചിന്തിക്കേണ്ടതായിട്ടുള്ളതു്. മനുഷ്യന്റെ സങ്കുചിതവും, ഉദാസീനവുമായ മനസ്സു് ഇത്രയൊക്കെയാകുമ്പോൾ കുറഞ്ഞൊന്നിളകിവശമാവും. അയാളും ചിന്തിക്കുകയായി ഇതിൽ കൂടുതൽ വല്ലതും ഉദ്ധരിക്കുവാൻ കഴിയുമോ എന്നു്. എന്നിട്ടു് അശ്രാന്തപരിശ്രമം ചെയ്യുന്നു. എന്തിനു് അയാൾ ഒരു സന്ദേഹവുമായി കൂട്ടിമുട്ടുന്നു; സിദ്ധാന്തം ആലോചിക്കുന്നു. ക്രമേണ അയാൾക്കതിൽ ഒരഭിരുചിയുണ്ടാകുന്നു. ഏതിൽ? പദാൎത്ഥങ്ങൾ ആറൊ, എട്ടൊ, അല്ല ഏഴുതന്നെയാണെന്നു വീണ്ടും സ്ഥാപിക്കുന്നതിൽ. ഏഴിനോടൊ ആ ശാസ്ത്രകാരനോടോ ഉള്ള പ്രതിപത്തിയല്ല ഇതിന്നു കാരണം. എട്ടാണു് എന്നു സ്ഥാപിക്കുന്നതിലും അതുറച്ച സിദ്ധാന്തമായി നില്ക്കുമെങ്കിലും രസമാണുള്ളതു്. ഇവിടെ ഒരു വ്യക്തിയേയോ ഒരു സാധനത്തേയോ ആധാരമാക്കിയുള്ളതല്ല രസം. ചുററുമുള്ള അന്തരീക്ഷത്തിൽ—ആത്മാവിൽ വിലീനവും, നിത്യവും, സ്ഫോടരൂപവുമായ ശബ്ദബ്രഹ്മത്തോടു വൈഷയികപദാൎത്ഥങ്ങളിൽനിന്നു നിൎമ്മുക്തമായ മനസ്സു താദാത്മ്യം പ്രാപിക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദാനുഭൂതിയാണു്. അതാണു് മുക്തി. പ്രകൃതിയിൽ ആത്മാവു് ഒലിച്ചുചേരുക. നമ്മൾ നഷ്ടമെന്നു വ്യവഹരിക്കുന്ന പദാൎത്ഥങ്ങളുടെ—അല്ലെങ്കിൽ ദ്രവ്യങ്ങളുടെ, പരമാണുപൎയ്യന്തമുള്ള പരിണാമത്തിൽകൂടി സ്വദേഹത്തിൽ നിന്നു വേർപെട്ട ആ ശാസ്ത്രകാരന്റെ ദേഹി ആനന്ദം അനുഭവിക്കുന്നു. അതിന്നു വിരാമമില്ല എന്നു്.

അതേ, മുക്തിയാണു് ശാസ്ത്രം. ഭക്തി, സാഹിത്യവും. മൺതരിമുതൽ ബ്രഹ്മാണ്ഡംവരെയുള്ള സകല ചരാചരങ്ങളിലും അഭേദബുദ്ധി, അഹംകാരം, എന്നിൽ നിന്നു ഭിന്നമോ അഭിന്നമോ ആയിട്ടു യാതൊന്നുമില്ലെന്നുള്ള ആ ഒരു തോന്നൽ—അതാണു് ശാസ്ത്രം, അദ്വൈതം. അതേ ബ്രഹ്മാണ്ഡകടാഹം വിശ്വമാതാവിന്റെ വിനോദരംഗമാണെന്നും ആ പ്രകൃതിശ്വരിയുടെ ചൈതന്യം ഓരോ പുൽക്കൊടിയിലും മൺതരിയിലും ഉണ്ടെന്നും ഉള്ള ബോധത്തോടുകൂടി— വിശ്വാസത്തോടുകൂടി അതുകളെ ആശ്ലേഷിക്കുവാനുള്ള തൃഷ്ണ, ചുംബിക്കുവാനുള്ള ആഗ്രഹം. മായ, പുരുഷൻ, അതാണു ഭക്തി, ദ്വൈതം. ഇവിടെയാണു 'ശങ്കരനും', 'രാമകൃഷ്ണനും' തമ്മിലുള്ള ഭേദം നാം കാണുക. മുക്തിയും ഭക്തിയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക. സ്വാമി വിവേകാനന്ദൻ പറയുമ്പോലെ, പഞ്ചസാരയാകുന്നതും അതിന്റെ മുകളിലിരിക്കുന്ന ഉറുമ്പാകുന്നതും പോലെ അത്ര വ്യത്യാസമുണ്ടു്. അത്ര

മാത്രം. വ്യാകരണവും ജ്യോതിഷവും എന്താണ്ട് ഊഹ്യങ്ങളാണു്. ഈ അഭിപ്രായം എത്ര യുക്തിയുക്തമായിരിക്കുന്നു എന്നു് ഇനി ചിന്തിക്കേണ്ടതായി ആവശ്യം ഉണ്ടെന്നു വിചാരിക്കുന്നില്ല. ഇതു പക്ഷേ ഇന്നത്തെ ജീവൽസാഹിത്യവാദക്കാർ വായിക്കുകയാണെങ്കിൽ ചന്ദ്രഹാസം എടുത്തേക്കാം. ലോകജീവിതത്തിനുതകാത്ത ഇമ്മാതിരി ഗ്രന്ഥങ്ങൾ ചുട്ടുപൊടിച്ചു കളയേണ്ടകാലം അതിക്രമിച്ചിരിക്കുന്നു എന്നവർ വാദിച്ചേക്കാം. ലക്ഷോപലക്ഷം പട്ടിണിപ്പാവങ്ങൾ ദാരിദ്ര്യത്തിലും അടിമത്വത്തിലും കിടന്നു നരകിക്കുമ്പോൾ പാരലൗകികമായ മുക്തിയേയോ എന്താണ്ട തത്സംബന്ധമോ തത്സഹോദരമോ ആയ ആനന്ദത്തെയോ പററിയുള്ള ഈ സ്വപ്നംകാണൽ അസംബന്ധം എന്നവർ സ്ഥാപിച്ചേക്കാം. എന്നാൽ ലോകത്തിലെ ഏതൊരു ശാസ്ത്രവും സാഹിത്യവും ഒരു വ്യക്തിയേയോ സമുദായത്തെയോ ആസ്പദപ്പെടുത്തി എഴുതപ്പെട്ടിട്ടുള്ളതല്ല. അങ്ങിനെ ആയിരുന്നുവെങ്കിൽ അതുകൾ തത്തദാവശ്യങ്ങൾ നിറവേററി ഇതിനകം എങ്ങോ മാഞ്ഞുപോകുമായിരുന്നു. നിമ്നോന്നതമായ ലോകത്തിൽ അതുകളെ ആദരിക്കുന്ന ഒരു കൂട്ടം ജനത എപ്പോഴും ഉണ്ടായിരിക്കും. പോരെങ്കിൽ മനുഷ്യന്റെ മുകുളീഭൂതമായ മനസ്സിന്റെ അഗാധതയെ — അപരിച്ഛേദ്യതയെ — അതെ, പ്രപഞ്ചം മുഴുവൻ അതിൽ വേണമെങ്കിൽ കൊള്ളുമെന്നുള്ള പരമാത്ഥതത്വത്തെ അല്പം ഒന്നു വിശദീകരിച്ചു കാണിക്കുക എന്നുള്ള ആ ഒരൊററ കാരണം മതി ശാസ്ത്രത്തിന്റെ ആദരണീയതക്കും, അനുപേക്ഷണീയതക്കും. സാഹിത്യവും ഒരു തൊഴിലാളിയേയോ മുതലാളിയേയോ, മാടമോ മാളികയോ, സെൻട്രൽ ജെയിലോ നിയമമന്ദിരമോ കൂടാതേയും ജീവിക്കും. വിശേഷാത്തരമായ സാഹിത്യത്തിന്നു് ഈ മാതിരി ശുഷ്കവാദങ്ങൾ ബാധകങ്ങളാകില്ല. കല കലക്കുവേണ്ടിയോ ജീവിതത്തിന്നുവേണ്ടിയോ എന്നു ചോദിക്കുന്നവരോടു സത്യം സത്യത്തിന്നു വേണ്ടിയോ മററാക്കെങ്കിലും വേണ്ടിയോ എന്നൊരു മറുചോദ്യമായിരിക്കും ഭേദം. അതു രണ്ടിന്നും വേണ്ടിയല്ല. ഒരു പ്രകൃതിനിയമമാണു്. അതിനെ കണ്ണുള്ളവക്കു കാണാം; ഹൃദയമുള്ളവക്കു് ആസ്വദിക്കാം. അതുകൊണ്ടു് അവ ഇഷ്ടപ്പെടാത്തവർ എഴുതണ്ടാ, വായിക്കണ്ടാ. പക്ഷേ "ശാകുന്തളവും" "നൈഷധവും" വായിച്ചു രസിക്കാൻ സാധിക്കുന്നവരെ എന്തിനു് ആക്ഷേപിക്കണം? അവക്കു് അവരുടെ "പാടേ വിധിയേ" എന്നു വിട്ടേക്കുക. ഒരാൾക്കു് അന്യന്മാക്കു യാതൊരുപദ്രവവും ഉണ്ടാകാത്ത വിധത്തിൽ ആനന്ദിക്കാൻ കഴിയുമെങ്കിൽ, "ലോകലാവണ്യ

കരിങ്കുവളപ്പൂവിൻ പത്രം ആകമ്രസ്വാതന്ത്ര്യ ശ്രീദേവി തൻ പുണ്യ ക്ഷേത്ര" മായ "നാകമണ്ഡലം കാൺകെത്തന്നെത്താൻ മറന്നവനാകയാം ഞാൻ" എന്ന മട്ടിൽ തന്നെത്തന്നെ മറന്നു സുഖിക്കാൻ കഴിയുമെങ്കിൽ ആ സാധു ജീവിയെ എന്തിന്നു സ്വൈരം കെടുത്തണം? സ്വാമി വിവേകാനന്ദൻ പറയുന്നു: "നിങ്ങൾ ആരേയും ഗുണദോഷിക്കാനും, നന്നാക്കാനും പോകണ്ടാ. സ്വയം നന്നാകുക. പോരാ—നിങ്ങൾക്കു് അതിനുള്ള അധികാരവുമില്ല." എത്ര പരമാർത്ഥമാണു് ഈ തത്വം. കൂടാതെ

"തന്നാൽ കരേറേണ്ടവരെത്ര പേരോ
താഴത്തു പാഴ്ച്ചേറിലമർന്നിരിക്കേ,
താനൊററയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം"

എന്നൊക്കെ എഴുതുമ്പോൾ അങ്ങേഴുതാമെന്നല്ലാതെ അതിനെ പ്രാചീനഭാരതം അനുവർത്തിച്ചിരുന്നെങ്കിൽ അവളുടെ അഭിമാനസ്തംഭങ്ങളായ മഹർഷിമാർ, ഉപനിഷൽഗായകന്മാർ, ഉണ്ടാകുമായിരുന്നില്ലെന്നല്ലാതെ എല്ലാവരും മാമുനിമാരാകുമായിരുന്നുവെന്നു് എന്തുചെയ്യട്ടെ— ഞങ്ങൾക്കു വിശ്വസിക്കാൻ സാധിക്കുന്നില്ല. എന്നുതന്നെയല്ല, ഒരു കുട്ടിക്കു് അവൻ വാശിപിടിച്ചു കരയുമ്പോൾ പുറത്തു കൊണ്ടുവന്നു് ഉദിച്ചു വരുന്ന അമ്പിളിയമ്മാവനെ കാണിച്ചുകൊടുത്താൽ കരച്ചിൽ മാറിക്കൂടെന്നോ? അതുപോലെ ഭൂമിയുടെ ഏതോ ഒരു കോണിൽ, അച്ഛസ്ഫടിക സങ്കാശമായ ഒരു സരസ്സിൽ മുകുളിതവും മൂകവുമായി നിൽക്കുന്ന ആമ്പൽപ്പൂവിന്നു് അതേസന്ദർഭത്തിൽ ഒന്നു വികസിച്ചുകൂടെ? അതു വേറൊന്നും ചെയ്യുന്നില്ല, ഒന്നു വിടരുകമാത്രം, അതെ – അതു പാടില്ലേ? ദൂരെ നിന്നു് ഇതൊക്കെ നോക്കിക്കാണുന്ന ഒരു കവിക്കു് ഇതുകളുടെ ആത്മാക്കളെ സംബന്ധിക്കുന്ന എന്തോ ഒന്നു്–അല്ലെങ്കിൽ വേണ്ടാ എന്തെങ്കിലും ഒന്നു്– ഞാൻ ആ ജീവൽസാഹിത്യക്കാരോടു ചോദിക്കുന്നു– കുത്തിക്കുറിച്ചുകൂടെ? എന്തൊരു പാപം! അങ്ങിനെയായിരുന്നെങ്കിൽ എത്ര 'സൂര്യകാന്തി'കളാണു്, എത്ര 'നവാതിഥി'കളാണു്, എത്ര 'കിളിക്കൊഞ്ചലു'കളാണു്, എത്ര 'കിരണാവലിക'ളാണു്, എത്ര 'തരംഗിണിക'ളാണു നഷ്ടമാകുമായിരുന്നതു്? ചുരുക്കത്തിൽ കുററത്തേയും ശിക്ഷയേയും വിവരിക്കുന്ന കണ്ണു, കഴിഞ്ഞവകളും എഴുന്നിയവകളുമായ ഏതാനും കടലാസ്സുകഷണങ്ങൾമാത്രം ശേഷിക്കുമായിരുന്നു കൈരളിക്കു്. ദൈവാധീനം! അങ്ങിനെ സംഭവിച്ചില്ല.

# ചെറുകഥ.

—യു. ശങ്കരമേനോൻ.

ഭാഷാരാമത്തിൽ പടൎന്നുകഴിഞ്ഞിരിക്കുന്ന ഒരു നവവല്ലരിയാണു ചെറുകഥ. സഹൃദയഹൃദയങ്ങളെ ആകൎഷിക്കുന്ന സാഹിത്യസുരഭിലമായ ചില കൊച്ചു പൂക്കൾ അതിന്മേൽ അവിടവിടെ വിടൎന്നിട്ടുണ്ടു്. എന്നാൽ അവയെക്കാൾ എത്രയോ മടങ്ങു കൂടുതൽ പുഴുക്കുത്തുള്ള പൂക്കളാൽ നിറഞ്ഞതാണു് അതു്. അതിനു പല കാരണങ്ങളുമുണ്ടു്. അവയിൽ ഏററവും പ്രധാനമായതു ചെറുകഥ എന്നു വെച്ചാൽ എന്തെന്നു നിശ്ചയമില്ലാത്തവർ 'ചെറുകഥാകാര'ന്മാർ ആവുന്നതത്രെ.

ചെറുകഥ എന്നു വെച്ചാൽ ഒരു ചെറിയ നോവലാണെന്നു പലരും ധരിച്ചുവശായിട്ടുണ്ടു്. ഇതു് ഒരു വമ്പിച്ച അബദ്ധമാണു്. നോവലിന്റെ ഒരു പരിവൎത്തനം, അതിന്റെ ഒരു പരിണാമഘട്ടം, ആയിരിക്കാം ചെറുകഥ. ചിലരുടെ അഭിപ്രായത്തിൽ അതു നോവലിന്റെ ഒരു വളൎച്ച, ആശാസ്യമായ ഒരു പൂൎത്തീകരണം ആണു്. എന്നതുകൊണ്ടു്, ചെറുകഥ ഒരു ചെറിയ നോവലാണെന്നു പറഞ്ഞുകൂടാ. ചെടിയുടെ ഒരു വളൎച്ച, ഒരു പൂൎത്തീകരണം ആണല്ലോ പുഷ്പിക്കലു്. എന്നുവെച്ചിട്ടു പൂവിനെ ആരെങ്കിലും കൊച്ചുചെടി എന്നു വിളിക്കാറുണ്ടോ! ഒരു കലാസൃഷ്ടി എന്ന നിലയിൽ നോവലിൽനിന്നും ഏററവും വിഭിന്നമാണു ഖണ്ഡകഥ. ഘടനാരീതി, വ്യാപ്തി, പാത്രവിധാനം — എല്ലാത്തിലും.

ചെറുകഥയുടെ ഏററവും വക്തവ്യമായ ധൎമ്മം അതിന്റെ ഏകാഗ്രതയാണു്. അതിനു പ്രധാനമായ ഒരു പാത്രമേ ഉള്ളു. പ്രധാനമായി ഒരു ഘട്ടമേ ഉള്ളു. പ്രധാനമായി ഒരു രസമേയുള്ളു. ഒരു നോവൽ വിഭിന്നപാത്രങ്ങളുടെ സംഘട്ടനത്താൽ രണ്ടോ മൂന്നോ പാത്രങ്ങളെ ഉയൎത്തി നിൎത്തുന്നു. പ്രധാനങ്ങളായ ഘട്ടങ്ങളിലേക്കു് എത്തുവാൻ അപ്രധാനങ്ങളായ പല ഘട്ടങ്ങളേയും അതു് അവശ്യം തരണം ചെയ്തുപോവുന്നു. സ്ഥായിയായ രസത്തിന്റെ ദൈൎഘ്യംകൊണ്ടു മുഷിപ്പത്തം തോന്നിക്കാതിരിപ്പാൻ അംഗിയായ മററു രസങ്ങൾക്കു ഗണ്യമായ സ്ഥാനം കൊടുക്കുന്നു. ചെറുകഥയാകട്ടെ ആരംഭംതൊട്ടു് ഒരു പ്രാപ്യസ്ഥാനത്തെ ലക്ഷീകരിച്ചുകൊണ്ടുള്ള ഏകാഗ്രമായ ഒരു ഗതിയാണു്; അതു് ഒരു പാത്രത്തിന്റെ കഥയാണു്. അതു് ഒന്നിലോ കണ്ണുനീരിന്റെ അല്ലെങ്കിൽ ചിരിയുടെ മാത്രം രംഗമാണു്. ലോകത്തിലെ ഏററവും പ്രഖ്യാതങ്ങളായ നോവലുകളിലെ ഏററവും പ്രധാനമായ

പരമമായ, ആ ഘട്ടം ഏതെന്നുള്ളതിനെപ്പററി സാഹിത്യകാരന്മാർ തമ്മിൽ വാശിപിടിച്ച വാദം ഉണ്ടാവാറുണ്ട്, ഏററവും പ്രധാനമായ കഥാപാത്രമേതെന്നുള്ളതിനേക്കുറിച്ച് അഭിപ്രായവ്യത്യാസമുണ്ടാവാറുണ്ട്. ലോകത്തിലെ ഏററവും മികച്ചയായ ചെറുകഥയിലെ പ്രധാനമായ ഘട്ടത്തേപ്പററിയാകട്ടെ, പ്രധാനമായ പാത്രത്തെപ്പററിയാകട്ടെ സംശയം ഉണ്ടാവുന്നില്ല. ഉണ്ടെങ്കിൽ ഒന്നേ അർത്ഥമുള്ളു. അതിനെ ഒരു മികച്ച കഥ എന്നുകൂടി പറഞ്ഞുകൂടാ. അതു് ഒരു കഥയേ അല്ല. "മാർത്താണ്ഡവർമ്മ"യിൽ അനന്തപത്മനാഭനുണ്ട്, സുഭദ്രയുണ്ട്, മഹാരാജാവുണ്ട്, സുന്ദരയ്യനുണ്ട്. ഇന്ദുലേഖയിൽ മാധവനുണ്ട്, ഇന്ദുലേഖയുണ്ട്, സൂരിനമ്പൂരിപ്പാടുണ്ട്. എന്നാൽ 'കാബൂളിവാല'*യിലാകട്ടെ കാബൂളിവാലയുണ്ട്. പിന്നെ .......... കാബൂളിവാലയും! വേറെ ഒന്നുമില്ല. സംഭോഗശൃംഗാരവും, വിപ്രലംഭശൃംഗാരവും, വീരവും, കരുണവും എല്ലാം നിറഞ്ഞതാണ 'ഭൂതരായർ'. എന്നാൽ നല്ല ഒരു ചെറുകഥയിലാകട്ടെ ഒരേ ഒരു രസമേയുള്ളു. അതു മതി സഹൃദയന്മാരെ ആനന്ദിപ്പിക്കുവാൻ. കാരണം, അതു അത്രമാത്രം പരിപൂർണ്ണമാണ്. നല്ല ഒരു ചെറുകഥ കത്തിജ്ജ്വലിച്ചാടുന്ന ഒരു വെള്ളച്ചാട്ടം പോലെ, അല്ലെങ്കിൽ ഇളം വെയിലുകൊണ്ടുകിടക്കുന്ന ശാന്തസുന്ദരമായ ഒരു സരസ്സുപോലെ, ആണ്— ഒരൊററ സ്രോതം മാത്രം. നോവലാകട്ടെ വളഞ്ഞു പുളഞ്ഞൊഴുകുന്ന ഒരു മഹാനദിയാണ്— ചിലിടത്തു വററി, ചിലിടത്തു തെളിഞ്ഞു, ചിലിടത്തു കലങ്ങി.

ചെറുകഥയ്ക്കു പലതും ആസ്പദമാണ്. അതീതമായ ചരിത്രകാലത്തിലെ സ്മരണീയമായ ഒരു സംഭവമായിരിക്കാം അതു്. സമുദായത്തിൽ വിപ്ലവങ്ങൾ ഉണ്ടാകുമാറു മനുഷ്യഹൃദയത്തിലെ ഒരു ഞരമ്പിന്റെ പിടച്ചിലായിരിക്കാം അതു്. ചിലപ്പോൾ വർണ്ണനീയമായ ഒരു വസ്തുവിന്റെ, സമുചിതമായ വാക്കുകളെക്കൊണ്ടുള്ള, ഒരു വർണ്ണനയായിരിക്കാം അതു്. ഇനി ഒന്നാണ് അപസർപ്പണകഥകൾ. ഇങ്ങനെ കഥയ്ക്കു പലതും ആസ്പദമാണ്. എന്നാൽ ചെറുകഥാകാരൻ ഒന്നു വിസ്മരിച്ചുകൂടാ. അയാൾ എഴുതുന്നതു് ഒരു ചെറുകഥയാണ്. ഏററവും പരിമിതമായ ഒരു പരിധിയാണ് അയാളുടേതു്. ഒരു ചെറുകഥയ്ക്കു് ഏററവും കൂടുതൽ സമയം അനുവദിച്ചുകൊടുത്തിരിക്കുന്നതു് സ്റ്റീവൻസൺ ആണ്. അതുതന്നെ കേവലം ഒരു മണിക്കൂർമാത്രം. വൃഥാസ്ഥൂലങ്ങളായ വർണ്ണനകളാകട്ടേ അത്യാവശ്യങ്ങളല്ലാത്ത സംഭ

* ടാഗോർ കഥ.

വപരമ്പരകളാവട്ടെ ചെറുകഥയെ വികൃതവും വികലവും ആക്കുകയാണു ചെയ്യുക.

എന്നു പറഞ്ഞതുകൊണ്ടു യാതൊരു വക വൎണ്ണനകളും ചെറുകഥയിൽ സ്ഥാനമില്ലെന്നു വിവക്ഷയില്ല. ഉത്തമനായ ഒരു കഥാകാരന്റെ കയ്യിൽ, നല്ല ഒരു കലാകാരന്റെ കയ്യിൽ, എപ്പോഴും സംഭവിക്കുന്നപോലെ, പ്രകൃതി ഒരു ഒന്നാംതരം കരുവാണു്. ടാഗോറിന്റെ പല കഥകളിലും ദീൎഘങ്ങളായ പ്രകൃതിവൎണ്ണനകൾ കാണുന്നുണ്ടു്. എന്നാൽ അവ ഒരിക്കലെങ്കിലും അസ്ഥാനത്തിലായിട്ടില്ല. മററു് അപട്ടുക്കളായ കാഥികന്മാർ രണ്ടും മൂന്നും ഏടുകളിൽ നിറച്ച സംഭവങ്ങളെക്കൊണ്ടും സാധിക്കാത്ത ഒരു കാൎയ്യം അദ്ദേഹം അതുകൊണ്ടു സാധിക്കുന്നു. കഥക്കു് അനുയോജ്യവും അത്യാവശ്യവുമായ ഒരു അന്തരീക്ഷത്തെ സൃഷ്ടിക്കുവാൻ അതു പൎയ്യാപ്തമാകുന്നു.

നമ്മുടെ കഥാകൃത്തുക്കൾ സാധാരണ ദീക്ഷിച്ചുവരുന്ന ഒരു അനൌചിത്യമുണ്ടു്. കഥാപാത്രങ്ങളും കഥാരംഗവും തമ്മിൽ എന്തെങ്കിലും ഒരു വക പൊരുത്തം വേണ്ടതാണെന്നു് അവർ സംശയിക്കുന്നുപോലുമില്ല! ഹൈഡ് പാൎക്കിൽ മാത്രം അഭിനയിക്കപ്പെടാവുന്ന ഒരു രംഗം മലയാളത്തിലെ ഏററവും ഇരുളടഞ്ഞ ഒരു കുഗ്രാമത്തിലെ രണ്ടു യുവതീയുവാക്കന്മാരെക്കൊണ്ടു നിൎവ്വഹിപ്പിച്ചു് അവർ കൃതാൎത്ഥരാവാറുണ്ടു്. അക്ബർ ചക്രവൎത്തിയുടെ കൊട്ടാരത്തിൽ ഇരുപതാം നൂററാണ്ടിലെ ഒരു പച്ചപ്പരിഷ്കാരിയെ പ്രവേശിപ്പിക്കുന്നതു് ഓട്ടൻതുള്ളലിനോ ചാക്യാർകൂത്തിനോ മററൊ അലങ്കാരമാവുമായിരിക്കാം. ചെറുകഥയിൽ അതു ക്ഷന്തവ്യമല്ല.

ചിലിടത്തു് ചെറുകഥക്കു് നോവലിനെക്കാളും നാടകത്തെക്കാളും അടുപ്പം കവിതയോടാണു്. ഉത്തമമായ കവിതയെയെന്നപോലെ ഉൽകൃഷ്ടമായ ചെറുകഥയേയും, മുഗ്ദ്ധമായ വ്യംഗ്യാൎത്ഥവും മധുരമായ സൂചനയും സുന്ദരമാക്കിച്ചെയ്യുന്നു. സൎവ്വവും വെളിവാക്കി സൎവ്വപാത്രങ്ങളുടേയും ഭാവിചരിത്രത്തെക്കൂടി വിവരിക്കുന്നതു നോവലിന്റേയോ മററൊ കൎത്തവ്യമാണു്. എന്നാൽ ചെറുകഥാകാരൻ ഒരു രംഗത്തെ മാത്രം തരണംചെയ്യുന്നു. ഭൂതവും ഭാവിയും അവിടെ അപ്രധാനങ്ങളാണു്. നല്ല ഒരു നോവൽ നല്ല ഒരു ഭാൎയ്യയെപ്പോലെയാണു്. വൎത്തമാനകാലത്തെപ്പോലെതന്നെ ഭൂതകാലത്തേയും ഭാവികാലത്തേയും അതു അനുസ്മരിപ്പിക്കുന്നു. തെളിഞ്ഞതും വിവിധങ്ങളുമായ രംഗങ്ങളുടെ സ്മരണകൾ ആ നാമത്തോടു സംഘടിതമാണു്. നല്ല ഒരു ചെറുകഥ സുന്ദരിയായ ഒരു കാമിനിയെപ്പോലെയത്രെ. സുന്ദരമായ ഒരു രംഗം

സൃഷ്ടിച്ച് അവർ മറഞ്ഞുപോവുന്നു. ആ ഒരു രംഗത്തിന്റെ മധുരമായ സ്മരണമാത്രം തങ്ങിനില്ക്കുന്നു; ഭൂതത്തിന്റേയോ ഭാവിയുടേയോ, ഉണ്ടെങ്കിൽ, ഒരു സൂചന മാത്രം!

ചെറുകഥകൾ പലേ ഉദ്ദേശങ്ങളും ഉണ്ടാവാം. സാമുദായികങ്ങളായ അനീതികളെ മാർജ്ജനം ചെയ്വാൻ അതുപകരിക്കുന്നു. സഹൃദയഹൃദയാഹ്ളാദത്തിനായിരിക്കാം ചിലപ്പോൾ. എന്നാൽ തന്റെ ഉദ്ദേശം ഇന്നതാണെന്നു് എടുത്തു പറയുന്നവൻ ഒരു ഒന്നാന്തരം കഥാകൃത്തല്ല. ആശാസ്യവിധായകങ്ങളും അകൃത്യപ്രതിഷേധികളും ആയ സാരോപദേശങ്ങൾക്കു പററിയ സാഹിത്യവിഭാഗങ്ങൾ ഏതെല്ലാമാണെന്നു ഞങ്ങൾക്കു നല്ല നിശ്ചയമില്ല. എന്നാൽ അവയിൽ ചെറുകഥ കൂടി ഉൾപ്പെടുന്നില്ലെന്നു തീർച്ചപറയാം. നിങ്ങളുടെ ചെറുകഥക്കു് നീളം അല്പം കൂടിയെന്നു വരാം; വിശ്വസനീയങ്ങളല്ലാത്ത സംഭവങ്ങളാൽ നിറഞ്ഞതായിരിക്കാം അതു്. മററു പല വൈകല്യങ്ങളാലും അതു വികൃതമാണെന്നു വരാം. പക്ഷെ, ഇവയെല്ലാം തന്നെ ക്ഷമിക്കപ്പെട്ടേക്കും—എന്തെങ്കിലും ഒരു ഗുണമുണ്ടായാൽ മതി. എന്നാൽ നിങ്ങൾ ഉപദേശിക്കുവാനും 'പാതിരി' ചമയുവാനും ശ്രമിക്കു: നിങ്ങളുടെ വിധി നിർണ്ണയിക്കപ്പെട്ടു. ഒരിക്കലും നിങ്ങൾക്കു മാപ്പു കിട്ടില്ല!

---

# വിധി.

—വി. കരുണാകരമേനോൻ.

കഴിഞ്ഞുപോയ ജീവിതകാലത്തെ നമുക്കു വീണ്ടും ലഭിച്ചു നമ്മുടെ ഇഷ്ടംപോലെ ജീവിതത്തെ ആദ്യംമുതല്ക്കു തുടരുവാൻ സാദ്ധ്യമാകുമെന്നുണ്ടെങ്കിൽ നമ്മിൽ ആരെങ്കിലും വീണ്ടും ഒരു ബാലനായി ജനിച്ച് ഒരു നവീനരീതിയിൽ ജീവിക്കുവാൻ ആഗ്രഹിക്കുമോ? "ഇല്ല!" എന്നു തന്നെയായിരിക്കണം അധികം പേരുടേയും ഉത്തരം. അതിനു കാരണമെന്തെന്നു ചിന്തിച്ചാൽ ഗ്രഹിക്കുന്നതു ലോകത്തിൽ വിജയം നേടിയിട്ടുള്ള എല്ലാവക്കും അവരുടെ ശ്രേയസ്സിനു വേണ്ടി ഏതോ ഒന്നു്,—ഒരു ഭാഗ്യം,—ഒരു കാലത്തു സഹായം നൽകിയിട്ടുണ്ടെന്നുള്ളതാണു്. നേരേമറിച്ച്, ജീവിതസമരത്തിൽ ഒന്നുകൂടി പങ്കെടുക്കണമെന്നു പറയുന്ന ഓരോരുത്തരും, അവരുടെ ജീവിതകാലത്തു് അവർ മനസ്സുവക്കാതെ വിട്ടുകളഞ്ഞിട്ടുള്ളതും, അവക്കു ലഭിക്കുമായിരുന്നതുമായ ഏതെങ്കിലും ഒരു സന്ദർഭത്തെ, അഥവാ ഒരു സൌഭാഗ്യത്തെ വീണ്ടും നേടുവാൻ മാർഗ്ഗമുണ്ടോ എന്നു് ആശിച്ചിട്ടാണു്. നിശ്ചയമായും ഈ

രണ്ടു വിഭിന്നോദാഹരണങ്ങളിലും സൌഭാഗ്യവും ദൌർഭാഗ്യവും വക്രമായ ഒരു പഥത്തിലൂടെയാണു ഗമിക്കുന്നതു്. ചില ജീവിതങ്ങൾ സൌഭാഗ്യത്താൽ ആപാദമധുരങ്ങളും, മറിച്ചു ചില ജീവിതങ്ങൾ നിർഭാഗ്യത്താൽ ആപാദതിക്തങ്ങളുമായി നാം കാണുന്നു.

നാം ഒരാളെ ഭാഗ്യവാൻ എന്നു പറയുമ്പോൾ അതുകൊണ്ടു് ഉദ്ദേശിക്കുന്നതു് അയാൾക്കു സാമുദായികമായും, ധനസംബന്ധമായും നല്ലതായ ഒരു നില ലഭിച്ചിട്ടുണ്ടെന്നാണു്. പക്ഷെ നാം സാധാരണ വിസ്മരിച്ചുപോകുന്നതു്, ഒരു നല്ലതായ സന്ദർഭം ഭാഗ്യവാനായ ഒരാൾക്കു ലഭിച്ചാൽ അയാൾ അതിനെ ഉടനടി കടന്നുപിടിച്ചു്, ആ സന്ദർഭത്തെ ഏററവും ഉപയോഗപ്രദമാക്കുന്നുണ്ടെന്നുള്ളതാണു്. ഒരു സന്ദർഭത്തെ കടന്നു പിടിക്കുക എന്നതു സദാപി ജാഗ്രതയോടുകൂടിയും അവധാനതയോടുകൂടിയും എന്തിനും തയ്യാറായിരിക്കുന്ന ഒരു സ്വഭാവത്തെയാണു സൂചിപ്പിക്കുന്നതു്.

പാഞ്ഞുകൊണ്ടു പോകുന്ന ഈ ലൌകികജീവിതത്തിൽ സന്ദർഭങ്ങളും ത്വരിതഗതിയിൽ വന്നു മറയുന്നു. ചിലർ ആ സന്ദർഭങ്ങളെ ഉപകാരപ്പെടുത്തുന്നു. ചിലർ ഉപകാരപ്പെടുത്തുന്നതുമില്ല. ശ്രേയസ്സിനു വേണ്ടി കാംക്ഷിക്കുന്നവരെല്ലാവരും ഭാഗ്യദേവതയുടെ ആഗമനത്തിൽ അവരെ സ്വാഗതം ചെയ്യാൻ തയ്യാറായിരിക്കണം. അവരുടെ രൂപം എന്തായിരിക്കുമെന്നു നമുക്കു ഏതാണ്ടു് അറിയാവുന്നതാണു്. കാർഷികപരമായ പ്രോത്സാഹനങ്ങളിൽ പങ്കെടുക്കുന്ന ഒരുവൻ ഭാഗ്യദേവതയിൽനിന്നും കാർഷികപുരോഗതിയെ കാംക്ഷിക്കുന്നു. എന്നാൽ ആ ദേവതയിൽനിന്നും നമുക്കു ലഭിക്കുന്ന ദാനത്തെ വേണ്ടുംവിധം ഉപകരിക്കുവാൻ പാണ്ഡിത്യംകൊണ്ടും പരിചയംകൊണ്ടും നമുക്കു പ്രാപ്തിയുണ്ടായിരിക്കണം. പക്ഷെ, നമ്മുടെ സന്ദർഭത്തെ നാം വിട്ടുകളഞ്ഞുവെങ്കിൽ പററിപ്പോയ അബദ്ധത്തെപ്പററി പിന്നേയും പിന്നേയും ആലോചിച്ചു വ്യസനിച്ചുകൊണ്ടു സമയം ചിലവാക്കുന്നതു് അനാവശ്യമാണു്. അതിനു പകരം, വീണ്ടും ആ ഭാഗ്യദേവത പ്രത്യാഗമിക്കുമ്പോൾ അവരെ യഥോചിതം സല്ക്കരിപ്പാനും, അവരിൽനിന്നുംകൂടുതൽ മെച്ചം നേടുവാനും നാം കാത്തിരിക്കുകയാണു വേണ്ടതു്. ലോകത്തിൽ വിജയം നേടിയിട്ടുള്ളവരോടും അപജയം പിണഞ്ഞിട്ടുള്ളവരോടും നാം തുറന്നു സംസാരിക്കുന്ന പക്ഷം, അവർക്കു് ഇരുകൂട്ടർക്കും ഒരുപോലെ നല്ല പ്രവേശനദ്വാരങ്ങൾ തുറന്നുവച്ചിട്ടുണ്ടായിരുന്നതായി അറിയാൻ സാധിക്കും. വിജയികളായവരെല്ലാം ആ അവസരങ്ങളെ എത്രയും ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. അപജയങ്ങളൊന്നും ആ അവസരങ്ങളിൽ ഉണ്ടാകുകയേയില്ല.

എല്ലാ ഭാഗ്യവാന്മാരും സ്വഭാവനിർണ്ണയം ചെയ്യുന്നതിൽ സമർത്ഥന്മാരാണു്. ദൃഢതയുള്ളവർക്കേ സന്ദർഭംകൊണ്ടു മിച്ചം നേടുവാൻ

സാധിക്കൂ. താൻ എത്തിയിരിക്കുന്ന ഘട്ടമേതെന്നു നല്ലപോലെ മനസ്സിലാക്കി, അതിന്റെ ഇരുവശത്തേയും നല്ലപോലെ പരിശോധിച്ച മാർഗ്ഗം സുഗമമോ ദുർഗ്ഗമമോ എന്നു നോക്കി വേണ്ടതു ചെയ്യുവാനും ദൃഢതയുള്ളവനേ സാധിക്കൂ. ഈ ദൃഢസ്വഭാവം ചിലരിൽ നൈസർഗ്ഗികമായിത്തന്നെ ഉണ്ടായിരിക്കും. ചിലക്കു ബാല്യകാലത്തെ പരിചയംകൊണ്ടു് ഈ സ്വഭാവം സിദ്ധിച്ചുവെന്നു വന്നേക്കും. മററുചിലക്കു ജീവിതത്തിൽ അവർ അനുഭവിച്ചിട്ടുള്ള അനവധി അപജയങ്ങളുടെ ഫലമായി ഈ സ്വഭാവം അവലംബിക്കേണ്ടിവരികയും അങ്ങിനെ ക്രമേണ ഈ സ്വഭാവം സിദ്ധിച്ചിട്ടുള്ളതായും നാം കണ്ടേക്കും. എന്തായാലും സ്വഭാവദാർഢ്യം എന്ന വിശിഷ്ടഗുണസമ്പാദനം ഏതു കാലത്തും,—ബാല്യത്തിലും, യൌവനത്തിലും, വാർദ്ധക്യത്തിലും,— കുറച്ചു പരിചയിച്ചാൽ സാധിക്കുന്നതാണു്. നമുക്കു വേണ്ടുന്ന ഏതു നിസ്സാരസംഗതിയും നല്ലപോലെ ആലോചിക്കുക. ആദ്യമായി, നമ്മുടെ ലഘുവായ ദൂഷ്യങ്ങളെ മനശ്ശക്തി മുഴുവൻ പ്രയോഗിച്ചു് ഉന്മൂലനം ചെയ്യുക. അതിനുശേഷം വലിയവയെ പിടിക്കുക. അങ്ങിനെ നമ്മുടെ മനസ്സിനെ നിർണ്ണയിപ്പാനും, ആ നിർണ്ണയത്തിൽനിന്നും വ്യതിചലിക്കാതെ അതേപടി അനുസരിപ്പാനും നാം ആദ്യമായി പരിശീലനം നൽകണം. അങ്ങിനെ നമ്മുടെ മാനസികയന്ത്രം കേടുകൂടാതെ ശരിയായി ജോലി എടുക്കുവാൻ തുടങ്ങിയാൽ, അതിനെ വലിയ വലിയ സംഗതികളിലും പ്രവൃത്തിയെടുപ്പിക്കാൻ നമുക്കു സാധിക്കും.

എങ്കിലും എത്ര നല്ലതായിക്കാണുന്ന കാര്യങ്ങളിലും ചിലപ്പോൾ അപകടങ്ങൾ പിണഞ്ഞേക്കാറുണ്ടു്. ഇന്നത്തെ ചെറുപ്പക്കാരെപ്പററി കാര്യകുശലന്മാരായ എല്ലാവരും കഠിനമായി ആക്ഷേപിക്കുന്നു. സ്വസുഖത്തിനുവേണ്ടി അവർ കളിക്കുകയാണു്. സുഖം ഏററവും നല്ലതു തന്നെ. പക്ഷെ അതിന്റെ അവസാനം ആലസ്യമാണു്. എന്തു തന്നെ ആപത്തുവന്നാലും വിരോധമില്ല, ഞാൻ മുന്നോട്ടുതന്നെ പോകും എന്ന മനസ്ഥിതിയാണാവശ്യം. അവക്കേ ജീവിതത്തിൽ ഉന്നമനം നേടാൻ സാധിക്കുകയുള്ളു.

സമസ്തലോകവിഖ്യാതനും മഹാസാഹസികനുമായിരുന്ന റാലി ഒരു കണ്ണാടിചില്ലിൽ എഴുതിവച്ചിരുന്നുവത്രേ. "എനിക്കു മേൽപ്പോട്ടു കയറുവാൻ പരിഭ്രമമുണ്ടു്. താഴെ വീഴുമോ എന്നു് ഒരു ഭയം." പക്ഷേ ഉടനടി ഉണ്ടായ അദ്ദേഹത്തിന്റെ 'രാജ്ഞിയുടെ മറുപടി ഇതായിരുന്നു. "നിന്റെ മനസ്സു സമ്മതിക്കുന്നില്ലെങ്കിൽ നീ കയറരുതു്." രാജ്ഞിയുടെ ഉത്തേജനവും, ശകാരവും ഒന്നിച്ചുകഴിഞ്ഞു. റാലി, ആ ഉപദേശത്തെ അതേപടി അനുസരിച്ചുവെന്നു് അദ്ദേഹത്തിന്റെ ഭാവിജീവിതം നമുക്കു തെളിയിച്ചുതന്നു.